കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

Email: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.5/2052/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in,

Phone:04972707698

തീയ്യതി:10.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ചിറക്കൽ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- ചിറക്കൽ ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധ പ്പെടുത്തേണ്ടതുമാണ്.

(കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പ്രതി.

നം കെ. എസ്. എ. /കെ.എൻ.ആർ./സി5/2052/2018 തീയതി : 10.01.2019

# കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 12.11.2018 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 40അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ .ശശികുമാർ.എം.പി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.11.18മുതൽ 29.11.18 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 2 | ശ്രീ.അനൂപ് .കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.ഷൈജിത്ത്.പി.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി.സബിത കെ | ഓഡിറ്റർ<br>(17/11/18 നും 22/11/18 മുതൽ 24/11/18 വരെയും അവധി) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ .എ സോമൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി. പി പി ഉഷ | 01.04.2017 മുതൽ 16.04.17 വരെയും<br>30.04.17 മുതൽ 19.06.17 വരെയും<br>25.06.17 മുതൽ 31.03.2018വരെയും |
| | ശ്രീ പ്രദീപൻ എം,അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 17.04.17 മുതൽ 29.04.17 വരെ |
| | ശ്രീ വിജീഷ് പി,അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 20.06.17 മുതൽ 24.06.17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ വിഷ്ണു എസ് നായർ | 01.04.2017മുതൽ31.03.18 വരെ |
| 2 | വി.ഇ.ഒ, ചിറക്കൽ | ശ്രീമതി നളിനി ടി | 01.04.17 മുതൽ 31.03.18 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ കെ വിശ്വനാഥൻ | 01.04.17 മുതൽ 17.06.17 വരെ |
| | | ഡോ.ജെനി കെ ജോൺ | 18.06.17 മുതൽ 31.03.18 വരെ |

| | | | |
|---|---|---|---|
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നവ്യവേണുഗോപാൽ | 01.04.17 മുതൽ 31.03.18 വരെ |
| 5 | ഹെഡ് മാസ്റ്റർ, ജിഎം യു പി. എസ്, കാട്ടാമ്പള്ളി | ശ്രീ ലത്തീഫ് പി | 01.04.17 മുതൽ 10.05.17 വരെ |
| | | ശ്രീമതി ഗംഗാഭായ് എൻ | 11.05.17മുതൽ 31.03.18 വരെ |
| 6 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | ഡോ ആനന്ദ് | 01.04.17 മുതൽ 31.03.18 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. സുഗേഷ് കുമാർ. ജി. എസ് | 01.04.17 മുതൽ 05.11.17 വരെ |
| | | ഡോ രതീഷ് കുമാർ എം | 06.11.17മുതൽ 31.03.18 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ പ്രദീപൻ എം | 01.04.17 മുതൽ 17.06.17 വരെ (18.06.17 മുതൽ 22.06.17 വരെ-ഒഴിവ്) |
| | | ശ്രീ വിജീഷ് പി | 23.06.17 മുതൽ 31.03.18 വരെ |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി നിഷ പി | 01.04.17 മുതൽ 31.03.18 വരെ |
| 10 | സെക്രട്ടറി | ശ്രീമതി. പി പി ഉഷ | 01.04.2017 മുതൽ 16.04.17 വരെയും, 30.04.17 മുതൽ 19.06.17 വരെയും,25.06.17 മുതൽ 31.03.2018വരെയും |

| | | | |
|---|---|---|---|
| | | | |
| | | ശ്രീ പ്രദീപൻ എം,അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 17.04.17 മുതൽ 29.04.17 വരെ |
| | | ശ്രീ വിജീഷ് പി,അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 20.06.17 മുതൽ 24.06.17വരെ |
| 11 | വി ഇ ഒ കാട്ടാമ്പള്ളി | ശ്രീമതി സീമ ഡി | 01.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം



| ക്രമനമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് ബാലൻസ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകങ്ങൾ |
| ഭാഗം 2 വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | വസ്തു നികുതി അപാകങ്ങൾ |
| 14 | 2-2 | പർമ്മിറ്റ് രജിസ്റ്റർ അപൂർണ്ണം- വരുമാന നഷ്ടം സംഭവിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ് |

| | | |
|---|---|---|
| 15 | 2-3 | ഭൂവികസന പർമ്മിറ്റ് ഫീസ് ഈടാക്കുന്നില്ല-7525രൂപയുടെ വരവു നഷ്ടം |
| 16 | 2-4 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തത് |
| 17 | 2-5 | തൊഴിൽ നികുതി- അപാകങ്ങൾ |
| 18 | 2-6 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ |
| 19 | 2-7 | കെട്ടിട വാടക -അപാകങ്ങൾ |
| 20 | 2-8 | ഡി&ഒ ലൈസൻസ് ഫീസ് - ഈടാക്കിയതിൽ കുറവ്-2600 രൂപ വരവു നഷ്ടം |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | 3-1 | ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഗുണഭോക്തൃലിസ്റ്റുകൾ പ്രസിദ്ധീകരിച്ചില്ല |
| 22 | 3-2 | യഥാസമയം നടപടികൾ എടുക്കുന്നില്ല-വാട്ടർ അതോറിറ്റിയിലും കെഎസ്ഇബിയിലും ലക്ഷങ്ങൾ മുടങ്ങിക്കിടക്കുന്നു |
| 23 | 3-3 | ഡെപ്പോസിറ്റ്-ബാലൻസ്ഷീറ്റിൽ തെറ്റായ തുക ഉൾപ്പെടുത്തി |
| 24 | 3-4 | കേന്ദ്രീകൃത വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 25 | 3-5 | ക്ഷേമപെൻഷൻ- വിവിധ അപാകങ്ങൾ |
| 26 | 3-6 | ഒഴിഞ്ഞ ടാർ വീപ്പയുടെ വില അതാത് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നില്ല |
| 27 | 3-7 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കുന്നില്ല |
| 28 | 3-8 | സ്കൂൾ ഓഡിറ്റോറിയത്തിന് കറണ്ട് കണക്ഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 29 | 3-9 | മഴക്കാല പൂർവ്വശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-5,75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 30 | 3-10 | സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 31 | 3-11 | സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ല- ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നതിന്റെ ആധികാരികത പരിശോധിക്കാനായില്ല |
| 32 | 3-12 | വെള്ളക്കരം അടവാക്കൽ- സംയുക്തപരിശോധനാ റിപ്പോർട്ട് ഹാജരാക്കിയില്ല |

| | | |
|---|---|---|
| 33 | 3-13 | മുലയൂട്ടൽ കേന്ദ്രം ഫർണ്ണിഷിംഗ് – അപാകങ്ങൾ- 1,58,059രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 34 | 3-14 | ക്യാൻസർ സർവ്വേയും ക്യാൻസർ ക്യാമ്പും സംഘടിപ്പിക്കൽ - രേഖകളുടെ അഭാവത്തിൽ 63,025രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 35 | 3-15 | വയോജന പരിരക്ഷ- രേഖകൾ ഹാജരാക്കിയില്ല- 2,48,927 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 36 | 3-16 | ജീവിതശൈലീരോഗ നിയന്ത്രണ പരിപാടി – വിവിധ അപാകങ്ങൾ- 6,39,640 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 37 | 3-17 | ഗുണഭോക്തൃസമിതി വരവു ചെലവു കണക്കുകൾ അംഗീകരിക്കുന്നില്ല-ചെലവ് തുക 9,57,485രൂപ തടസപ്പെടുത്തുന്നു |
| 38 | 3-18 | കൺവീനർമാർക്ക് അധിക തുക അനുവദിച്ചത്-53,423 രൂപയുടെ ചെലവ് നിരാകരിക്കുന്നു |
| 39 | 3-19 | അംഗനവാടികളിൽ ശിശു സൗഹൃദ പെയിന്റിംഗ് - പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിൽ പദ്ധതി നടപ്പിലാക്കി |
| 40 | 3-20 | അംഗനവാടി പോഷകാഹാര വിതരണ പരിപാടി- അപാകങ്ങൾ |
| 41 | 3-21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർ ഷിപ്പ് –അപാകങ്ങൾ- 17,67,175രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു,3500രൂപയുടെ ചെലവ് നിരാകരിക്കുന്നു |
| 42 | 3-22 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടില്ല-2,17,500രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 43 | 3-23 | അംഗനവാടികളിൽ കുടിവെള്ള കണക്ഷൻ - വിനിയോഗ രേഖകൾ ഹാജരാക്കാത്തത് |
| 44 | 3-24 | വെറ്റിനറി ഹോസ്പിറ്റലിൽ സോളാർപ്ലാന്റ് സ്ഥാപിക്കൽ- അപാകങ്ങൾ- 331352 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 45 | 3-25 | അംഗനവാടി പ്രവർത്തകർക്ക് അധിക ഹോണറേറിയം- അപാകങ്ങൾ - 17,32,604 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 46 | 3-26 | കന്നു കുട്ടി പരിപാലനം-വനിത- സംസ്ഥാന വിഹിതം ഗ്രാമപഞ്ചായത്ത് വഹിച്ചതും വിനിയോഗ സാക്ഷ്യപത്രം |

| | | |
|---|---|---|
| | | ലഭ്യമാക്കാത്തതും |
| 47 | 3-27 | പദ്ധതി ആസൂത്രണം- നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല |
| 48 | 3-28 | ഗ്രൂപ്പുകൾക്ക് ചെണ്ട- പദ്ധതി നടത്തിപ്പിലെ അപാകം- 5,480 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 49 | 3-29 | സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ- പദ്ധതി നടത്തിപ്പിലെ അപാകം- 29,456രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 50 | 3-30 | ഗ്രൂപ്പ് സംരംഭം -കറിപൗഡർ യൂനിറ്റ് - സബ്സിഡി തുക അധികം അനുവദിച്ചു-37,500രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല |
| 51 | 3-31 | ലാപ്പ് ടോപ്പ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- 78,000 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 52 | 3-32 | നെൽകൃഷിക്ക് ട്രാക്ടർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- 1,33,185രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 53 | 3-33 | വെയ്സ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം- ശുചിത്വമിഷൻ സ്പെസിഫിക്കേഷനോടുകൂടിയ റിംഗ് കമ്പോസ്റ്റ് യൂനിറ്റ് വിതരണം ചെയ്തില്ല-കരാർ ലംഘനം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല |
| 54 | 3-34 | വാട്ടർ ടാങ്ക് വിതരണം- 2017-18 - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 47,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 56 | 3-35 | ഫുട്ബോൾ പരിശീലനം -മുൻകൂട്ടി സാധനങ്ങൾ വാങ്ങി പരിശീലന പരിപാടി നടപ്പാക്കിയില്ല-28,689രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 57 | 3-36 | സർക്കാർ പരസ്യങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭിക്കുന്നില്ല. |
| ഭാഗം 4 പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും | | |
| 58 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 59 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 60 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 61 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 62 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |

| | | |
|---|---|---|
| 63 | 4-6 | ഓഡിറ്റ് റിക്കവറി |
| 64 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 65 | 4-8 | ചാർജ്ജ് സർചാർജ്ജ് നടപടികൾ സംബന്ധിച്ച വിവരങ്ങൾ |
| 66 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 67 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 68 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 69 | അനുബന്ധം2(1) | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 70 | അനുബന്ധം2(2) | ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 71 | അനുബന്ധം2(3) | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 15.03.17 ലെ 22/17 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 12273039 | 1,22,73,039 |
| വരവ് | 10,40,09,000 | 21,76,89,961 |
| ആകെ | 11,62,82,039 | 22,99,63,000 |
| ചെലവ് | 110398125 | 21,80,84,000 |
| നീക്കിയിരിപ്പ് | 5883914 | 1,18,79,000 |

പരിഷ്കരിച്ച ബജറ്റ് 17.03.2018 തീയതിയിലെ 54/18(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.18 | 11.05.2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20/06/18,21/06/18 | കെഎസ്എ/കെഎൻആർ/ സി15-1212/18 :17/07/18 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുൻബാക്കി | 4,16,70,398.79 |
| വരവ് | 9,04,35,570 |
| ആകെ | 13,21,05,968.79 |
| ചെലവ് | 9,28,77,130 |
| നീക്കിബാക്കി | 3,92,28,838.79 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18678522 | 18678522 | 15840672 | 2837850 |
| വികസന ഫണ്ട്-എസ് | 0 | 6738466 | 6738466 | 6236251 | 502215 |

| | | | | | |
|---|---|---|---|---|---|
| .സി.പി (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-ടി.എസ് .പി (ACR പ്രകാരം) | 0 | 41983 | 41983 | 41983 (തിരിച്ചടവ്) | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13479068 | 13479068 | 10379550 | 3099518 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5207087 | 5207087 | 4303704 | 903383 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11778579 | 11778579 | 7997841 | 3780738 |
| കെ.എൽ.എസ്.ജി.ഡി.പി-central (ACR പ്രകാരം) | 0 | 5632241 | 5632241 | 3337650 | 2294591 |
| കെ.എൽ.എസ്.ജി.ഡി.പി-state (ACR പ്രകാരം) | 0 | 1160561 | 1160561 | 1099082 | 61479 |
| ദുരിതാശ്വാസനിധി | 108533 | 58397 | 166930 | 140000 | 26930 |
| എം. ജി .എൻ.ആർ. ഇ. ജി. എസ് – തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ കോസ്റ്റ് മുതലായവ | 0 | 5512095 | 5512095 | 5512095 | 0 |
| എം. ജി .എൻ.ആർ. ഇ. ജി. എസ് – അഡ്മിനിസ്ട്രേറ്റീവ് ചെലവ്(*) | 777 | 544380 | 545157 | 544001 | 1156 (x ) |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | 802772 | 236538 | 1039310 | -- | 1039310 |
| ബി ഫണ്ട് | -- | 78458520 | 78458520 | 78458520 | -- |
| സംസ്ഥാനാവിഷ്കൃത വിഹിതം-ആയുർവേദ ആശുപത്രി | 0 | 145000 | 145000 | 0 | 145000 |
| സാക്ഷരതാമിഷൻ ഗ്രാന്റ് | 12428 | 497 | 12925 | 0 | 12925 |
| എം പി ഫണ്ട് | 3176 | 121 | 3297 | 0 | 3297 |
| ശുചിത്വമിഷൻ | 112400 | 1868750 | 1981150 | 798519 | 1182631 |
| കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| വിമുക്തി, ഇ സാക്ഷരത മുതലായവ | 125000 | 12500 | 137500 | 0 | 137500 |
| സമ്പൂർണ്ണ ശുചിത്വം | 112400 | 154605 | 267005 | -- | 267005 |

| | | | | | | |
|---|---|---|---|---|---|---|
| പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള മറ്റ് സർക്കാർ ഗ്രാന്റുകൾ | | 116773 | 50000 | 166773 | 151693 | 15080 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 157150 | 810225 | 967375 | 740169 | 227206(**) |
| | ജില്ലാ പഞ്ചായത്ത് | 604612 | 475000 | 1079612 | 59975 | 1019637(**) |
| ജനറൽ പർപ്പസ് ഫണ്ട്(@) | | | 15743000 | | | |
| തനത് ഫണ്ട്(@) | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം-ഗുണഭോക്തൃവിഹിതം | | (*) | 355386 | | | |

(*)പ്രത്യേകം എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് ,ട്രഷറി ഫണ്ടു തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല

(x)ബാലൻസ് ഷീറ്റിൽ 1114 രൂപയാണ് നീക്കിയിരിപ്പ് . വ്യത്യാസം വ്യക്തമാക്കപ്പെട്ടിട്ടില്ല

(**)വാർഷിക ധനകാര്യ പത്രികയിൽ ഇത്രയും തുക ഉൾപ്പെടുത്തിയിട്ടില്ല

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 291 | 122780373 | 214 | 66539506 | 37 | 77 | 177 | 60.82 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 3407207 | 2818472 |
| വെറ്റിനറി സർജൻ | 8 | 8 | 2481390 | 1842170 |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | 7 | 7 | 2493550 | 1998478 |
| ,,ആയുർവേദം | 3 | 3 | 976000 | 975850 |
| വി ഇ ഒ, ചിറക്കൽ | 22 | 14 | 13161250 | 5626827 |
| വി ഇ ഒ , കാട്ടാമ്പള്ളി | 1 | 1 | 1000000 | 187500 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 10 | 9500292 | 8143986 |
| സെക്രട്ടറി | 31 | 11 | 21184648 | 3760074 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 4236222 | 3975705 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 174 | 133 | 60819748 | 34928904 |
| ഹെഡ് മാസ്റ്റർ | 14 | 8 | 3520066 | 2281540 |
| ആകെ | 291 | 214 | 122780373 | 66539506 |

(സുലേഖ ചെലവു സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

1-6(a)വർക്കിംഗ് ഗ്രൂപ്പുകൾ

മിനുട്സ് കൃത്യമായി രേഖപ്പെടുത്താത്തതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.പദ്ധതി ആസൂത്രണ ഘട്ടത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്.2017-18 പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.സ്) നം.72/2017തസ്വഭവ 29-03-2017 ലെ 14-6,14-7പ്രകാരം പദ്ധതികളുടെ രൂപീകരണത്തിന് ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രൊജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ഉണ്ടാകുന്നില്ല. മോണിറ്ററിംഗ് സമിതി മിനുട്സ് കൃത്യമായി രേഖപ്പെടുത്തി കൺവീനർമാർ ഒപ്പു വയ്ക്കാത്തതും ശ്രദ്ധയിൽ പെട്ടു(ഉദാഹരണം സാമൂഹ്യനീതി- 10/03/18 ലെ വർക്കിംഗ് ഗ്രൂപ്പ്). മോണിറ്ററിംഗ് സംവിധാനം

ഫലപ്രദമാക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-6(b)ആസൂത്രണ സമിതി

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20/01/2017 ലെ 7/2017 നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളേയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെയും നിശ്ചയിച്ചിട്ടുണ്ട്. ആസൂത്രണ സമിതി യോഗ മിനുട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആസൂത്രണ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം സാധ്യമായിട്ടില്ല.പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ മിനുട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. യോഗമിനുട്സ് കൃത്യമായി രേഖപ്പെടുത്തേണ്ടതിലേക്കും നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്കും ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

1-6(c)ഗ്രാമസഭ

ഗ്രാമസഭകളിൽ പ്രോജക്ട് രൂപീകരണം സംബന്ധിച്ച ചർച്ചകൾ നടക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിനു ശേഷമുള്ള വിലയിരുത്തൽ നടക്കുന്നില്ല. സാമ്പത്തിക വർഷത്തെ ഒന്നാമത്തെ ഗ്രാമസഭയിൽ വാർഷിക റിപ്പോർട്ട് വയ്ക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.ഗ്രാമസഭാമിനുട്സുകളിൽ ഗ്രാമസഭകളിൽ പങ്കെടുത്ത പത്തു പേരെങ്കിലും ഒപ്പു വച്ച് മിനുട്സ് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.ഗ്രാമസഭാ കോർഡിനേറ്റർ പോലും സാക്ഷ്യപ്പെടുത്താത്ത മിനുട്സുകളും ഉണ്ട്(ഉദാഹരണം - പതിനാലാം വാർഡ്,പതിനെട്ടാം വാർഡ്)

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(a)(2) പ്രകാരം ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അതിന്റെ സാധന സാമഗ്രികളുടെ ചെലവ് വിശദാംശങ്ങൾ എന്നിവ ഗ്രാമസഭയിൽ അറിയിക്കേണ്ടതാണെങ്കിലും ആയത് ചെയ്തിട്ടില്ല. കൂടാതെ 1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ ചട്ടം 6 പ്രകാരം ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ(എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച സാധനസാമഗ്രികളുടെ അളവ്, അവയുടെ വിലയും ഗുണനിലവാരവും കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം അതിനുള്ള കൂലി, മതിപ്പു ചെലവ് എന്നിവയടങ്ങിയ കുറിപ്പ്) പ്രാദേശിക ഭാഷയിൽ പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമായി ചേർത്തിരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ വിവരം ഗ്രാമസഭയിൽ അവതരിപ്പിക്കാനും പണിസ്ഥലത്ത് പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്

ക്ഷേമപെൻഷൻ സംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കപ്പെടുന്നില്ല. അനർഹരായ ഗുണഭോക്താക്കളുടെയും മരണപ്പെട്ട ഗുണഭോക്താക്കളുടേയും വിവരങ്ങൾ ശേഖരിക്കുന്നതിന് ഗ്രാമസഭകളുടെ ഇടപെടൽ കൂടുതൽ ഫലപ്രദമായിരിക്കും. ക്ഷേമപെൻഷൻ പുതുതായി അനുവദിക്കപ്പെടുന്നവരുടെ വിവരങ്ങളും ഗ്രാമസഭകളിൽ അവതരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.(കേരള പഞ്ചായത്ത് രാജ് നിയമം ,വകുപ്പ് 3A1(J))

1-6(d)സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട പരിശോധന കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതായി മിനുട്സ് പരിശോധനയിൽ വ്യക്തമായി. മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതിയും വിലയിരുത്തിയിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയും അതാത് മേഖലകളിലുള്ള പദ്ധതി നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. പദ്ധതികൾ വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ മിനുട്സുകളിൽ രേഖപ്പെടുത്തിക്കാണുന്നില്ല എന്നത് പോരായ്മയാണ്.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകളും സ്റ്റാൻഡിംഗ് കമ്മറ്റികളിൽ ഉണ്ടാകേണ്ടതുണ്ട്.
പദ്ധതി രൂപീകരണം, ആസൂത്രണ മോണിറ്ററിംഗ് (12/18) ന്റെ ഭാഗമായി നടത്തിയ വിവിധ പത്രപ്പരസ്യങ്ങൾ നല്കുന്നതിനായുള്ള ചെലവിൽ സർക്കാർ ഉത്തരവ് പ്രകാരം (ജിഒ(ആർ ടി) 1/2011/പി&എആർഡി/4.11.11,ജിഒ(ആർ ടി) 551/15/1/പി&എആർഡി 20/11/15 )15%ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
1-16(e)പദ്ധതി നിർവ്വഹണം
ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഭരണ സമിതി അംഗീകരിക്കാതെ ആനുകൂല്യങ്ങൾ അനുവദിച്ചതും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താതെ ഗുണഭോക്തൃലിസ്റ്റ് ആധാരമാക്കി പദ്ധതി നടപ്പാക്കിയതും കേന്ദ്രീകൃത വാങ്ങൽ സംവിധാനങ്ങൾ അവലംബിക്കാത്തതും നിർവ്വഹണ ഘട്ടത്തിലെ അപാകങ്ങളാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 777 | 544380 | 545157 | 544001 | 1156(x) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5512095 | 5512095 | 5512095 | 0 |

(x) നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49,920 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 16,66,500 | കൃത്യമായ എണ്ണം ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ കണക്കുകൾ ചെലവഴിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല |
| വിധവാപെൻഷൻ | 1,75,31,500 | |
| വാർദ്ധക്യകാലപെൻഷൻ | 5,08,89,900 | |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 47,77,900 | |
| 50വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 30,72,800 | |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.18 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9105 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ വഴി ജീവനക്കാരുടെ ചുമതലാ വിഭജനം കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. പ്രതിമാസ മീറ്റിംഗുകൾ ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.ആദ്യമാസങ്ങളിൽ എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടില്ലെങ്കിലും ജനുവരി മുതൽ എല്ലാമാസവും മീറ്റിംഗ് കൂടുന്നുണ്ട്

വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അടുത്ത വർഷത്തേക്കുള്ള സ്റ്റോക്ക് ആവശ്യകത

കണക്കാക്കുന്നതിന് മുൻവർഷങ്ങളിലെ ഉപയോഗത്തിനനുസരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനുള്ള നടപടികളുണ്ടാകാത്തതും അപാകമാണ്.

ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ഉണ്ടാകാത്തത് വീഴ്ച്ചയാണ്. ഐസിഡിപി സബ്സെന്ററുകളിലേയും മറ്റും ഉദ്യോഗസ്ഥ വിന്യാസവും ചുമതലാ വിഭജനവും സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനാ വിധേയമാക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതുമുണ്ട്. ആശുപത്രികളിലെ മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട സർപ്രൈസ് ചെക്കിംഗ് നടത്തുന്നത് മരുന്നുകളുടെ സ്റ്റോക്ക് വിതരണ മേഖലകളിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകും . ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റികൾക്ക് ഇക്കാര്യത്തിൽ കാര്യമായ പങ്കു വഹിക്കാനുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പരിഷ്കരണം സംബന്ധിച്ച ടെസ്റ്റ് ചെക്കിംഗ് നടത്തി അപാകങ്ങൾ കണ്ടെത്തുന്ന പക്ഷം പരിഷ്കരണം സംബന്ധിച്ച വിശദമായ പരിശോധന നടത്താൻ നിർദ്ദേശം നല്കേണ്ടതുമാണ്.നിലം നികത്തി അനധികൃത നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട സംഗതികളിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5/5/18,7/5/18,7 /6/18,8/6/18,3 /7/18,4/7/18 | 4/18 to 6/18 | 01/09/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/08/2011 മുതൽ 03/09/2011 വരെ | 2008-2011 | 06/02/2012 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 പ്രകാരമുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകങ്ങളിൽ പരിഹരിക്കാത്തവയും അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങളും ചുവടെ കൊടുക്കുന്നു.

1.പോഷകാഹാര വിതരണ പരിപാടിക്കായി ലഭിച്ച കേന്ദ്രവിഹിതമിനത്തിൽ 951009രൂപ ചെലവഴിക്കാൻ ബാക്കിയുണ്ടെങ്കിലും പ്രസ്തുത ആവശ്യത്തിന് തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ(ബി 15- 450610105) 752297രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. ബാക്കി തുക എവിടെയാണ് നിക്ഷേപിക്കപ്പെട്ടതെന്ന് വ്യക്തമാക്കിയിട്ടില്ല.

2.കാട്ടാമ്പള്ളി യു പി സ്കൂളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത 836000രൂപ തൻവർഷം തിരികെ ലഭിച്ചത് തൻവർഷത്തെ ബി 18 ഷെഡ്യൂളിൽ

അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ടു അനർട്ട് എന്ന ഹെഡിൽ തെറ്റായി നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിലുള്ളതായതിനാൽ ഓഡിറ്റ് വർഷം തിരിച്ചടച്ചിട്ടുണ്ട്

3.എം എൻ ആർ ഇ ജി എസ് വരവ് രജിസ്റ്റർ പ്രകാരം 544118രൂപയും വാർഷിക ധനകാര്യപത്രികയിൽ 544380രൂപയുമാണ്

4.വസ്തു നികുതിയിനത്തിൽ ബുക്ക് അഡ്ജസ്റ്റ് മെന്റായി ക്രമീകരിച്ച 889142രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

5.വസ്തുനികുതി ഇനത്തിലെ കുടിശ്ശിക ഡിമാന്റ് , കലക്ഷൻ , ബാലൻസ് ഇവ സഞ്ചയയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

6.തൊഴിൽ നികുതി (ട്രെയ്ഡേഴ്സ്) - ഡിമാന്റ് ,കലക്ഷൻ ഇവ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല7.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. സാംഖ്യ എസിആർ പ്രകാരമുള്ള ക്ഷേമപെൻഷൻ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

8.വാടകയിനത്തിൽ കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയും വാർഷിക ധനകാര്യ പത്രികയിൽ തൻവർഷ വരവായി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല. ജേണൽ എൻട്രി നടത്തി വരവിനത്തിൽ കുറവു വരുത്തിയതിന്റെ അടിസ്ഥാനം വിശദീകരിക്കപ്പെട്ടിട്ടില്ല

9. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല
10.ജില്ലാപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇവയിലെ നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല
11.RP 40(a) പ്രകാരം ദുരിതാശ്വാസ നിധി മുന്നിരിപ്പ് 108433രൂപയും 2016-17 ബാലൻസ് ഷീറ്റ് ബി 2 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 108533രൂപയുമാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി -അപാകങ്ങൾ

1.കുടിശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്,
ഓഡിറ്റ് വർഷം 100% വസ്തുനികുതി പിരിവ് ലക്ഷ്യം കൈവരിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം 131609 രൂപ തൻവർഷത്തേതും(current) 456894 രൂപ കുടിശികയിനത്തിലും (arrear)പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വസ്തുനികുതി മുഴുവനായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി സഞ്ചയയിലെ അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്
2.ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയ തുകയുടെ വിശദാംശങ്ങൾ ഹാജരാക്കാത്തത്

വസ്തു നികുതിയിനത്തിൽ ബുക്ക് അഡ്ജസ്റ്റ് മെന്റായി ക്രമീകരിച്ച 8,89,142രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 2-2 പെർമിറ്റ് റജിസ്റ്റർ അപൂർണം- വരുമാനനഷ്ടം സംഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2017-18 ൽ കാലാവധി അവസാനിക്കുന്നതും 2014-15 വർഷത്തിൽ ബിൽഡിംഗ് നിർമാണത്തിന് പെർമിറ്റ് അനുവദിക്കുകയും എന്നാൽ മൂന്നുവർഷ കാലാവധിക്കുശേഷം പെർമിറ്റ് പുതുക്കുകയോ, ബിൽഡിംഗ് നമ്പർ അനുവദിക്കുകയോ ചെയ്യാത്ത അപേക്ഷകൾ ഉള്ളതായി പർമ്മിറ്റ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പെർമിറ്റ് നമ്പർ | പേര് | കാലാവധി അവസാനിക്കുന്ന തീയ്യതി |
|---|---|---|---|
| 1 | A3/1222/2014-15 dt 16.08.14 | ഉണ്ട അജിത | 15.8.17 |
| 2 | A3/1725/2014-15 dt 14.5.14 | പടിഞ്ഞാരെ കലങ്ങോത്ത് മജീദ് | 13-5-17 |
| 3 | A3/2070/2014-15 dt 7.7.14 | പുറത്തെചാലിൽ അബ്ദുൾ റഷീദ് | 6-7-17 |
| 4 | A3/2326/2014-15 dt 19.6.14 | ചെറുവാട്ട് സുഗുണൻ | 18-6-17 |
| 5 | A3/2750/2014-1 dt 28.4.14 | നടുക്കണ്ടി രയരോത്ത് അബ്ദുൾ ഖാദർ | 27-4-17 |
| 6 | A3/3851/2014-15 dt 28.4.14 | പി വസന്ത | 27-4-17 |

പെർമിറ്റ് രജിസ്റ്ററിൽ ഇതുപോലെ നിരവധി കേസുകൾ കാണുന്നുണ്ട്. ആയതിൽ ഗ്രാമപഞ്ചായത്ത് ഫീൽഡ് സ്റ്റാഫ് അന്വേഷണം നടത്തി അനധികൃത കെട്ടിടം നിർമിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ

ഓഡിറ്റ് അന്വേഷണം നമ്പർ 22/17-18 ന് നൽകിയ മറുപടിയിൽ മേൽ പ്രതിപാദിച്ചവർക്ക് കെട്ടിടനിർമാണ അനുമതി പുതുക്കുന്നതിന് 9 വർഷത്തെ സമയമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്നു. എന്നിരുന്നാലും രൂപമാറ്റം, കൂട്ടിച്ചേർക്കൽ എന്നിവയിൽ ഫീൽഡ് സ്റ്റാഫുകൾ കൃത്യമായ പരിശോധന നടത്തി വരുമാനം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.കൂടാതെ പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല-7525രൂപയുടെ വരവ് നഷ്ടം

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങൾ 2011 ഖണ്ഡിക 2(ac) പ്രകാരം ഭൂവികസനം എന്നാൽ കാർഷികാവശ്യങ്ങൾക്കല്ലാതെ ഭൂമിയോ ജലാശയങ്ങളോ നികത്തി ഭൂമിയുടെ ഉപയോഗത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതോ ആയ മുഖ്യമാറ്റം അല്ലെങ്കിൽ ഭൂമിയുടെ നിലവിലുള്ള മുൻ ഉപയോഗത്തിൽ മാറ്റം വരുത്തിക്കൊണ്ട് തെരുവുകൾ നടപ്പാതകൾ എന്നിവ ക്രമീകരിക്കുക, ചുറ്റുപ്പനിലങ്ങളിൽ മാറ്റം വരുത്തൽ ഉല്ലാസോദ്യാനങ്ങൾ കളിസ്ഥലങ്ങൾ പോലുള്ളവയുടെ വികസനങ്ങൾ എന്നർത്ഥമാക്കുന്നു.

എന്നാൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ജില്ലാതല അധികൃതസമിതി കൺവീനറുടെ ഉത്തരവുകൾ പ്രകാരം സ്വന്തം ആവശ്യത്തിന് വീട് നിർമിക്കുന്നതിന് സ്ഥലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിയ താഴെ പറയുന്നവരിൽ നിന്നും റൂൾ 11.3(ഷെഡ്യൂൾ II) പ്രകാരമുള്ള നിരക്കിൽ ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പെർമിറ്റ് നമ്പർ | ഉടമസ്ഥന്റെ പേര് | പരിവർത്തനപ്പെടുത്തുന്ന സ്ഥലത്തിന്റെ അളവ് | ഈടാക്കേണ്ടഫീസ് |
|---|---|---|---|---|
| 1 | A3/6399/17 dt.17.10.17 | കാടൻ മഹേഷ് | 1.99 are | 995 |
| 2 | A3/6926/17 dt.19.10.17 | വി വി പ്രവീൺ | 2.02 are | 1010 |
| 3 | A3/4318/17 dt. 23.06.17 | വേളാപുറത്ത് അബ്ദുൾ റഷീദ് | 3.12 are | 1560 |

| | | | | |
|---|---|---|---|---|
| 4 | A3/4317/17 dt. 23.06.17 | വേളാപുരത്ത് നൗഷാദ് | 2.96 are | 1480 |
| 5 | A3/5075/17 dt. 10.08.17 | ഗണേശൻ എ | 2.03 are | 1015 |
| 6 | A3/7550/17 dt. 27.10.17 | സി പി സറീന | 2.93 are | 1465 |
| | | ആകെ | | 7525രൂപ |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/17-18 ന് സെക്രട്ടറി നൽകിയ മറുപടിയിൽ സ്ഥലം നേരത്തേ നികത്തപ്പെട്ടതാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാകലക്ടറും പ്രിൻസിപ്പൽ കൃഷി ഓഫീസറും പരിവർത്തനാനുമതി നൽകുന്നതെന്ന് വിശദമാക്കുകയും ജില്ലാഅതോറിറ്റി കെ പി ബി ആർ പ്രകാരമുള്ള ഫീസ് വാങ്ങണം എന്ന് നിർദേശിച്ചിട്ടില്ലെന്നും അറിയിച്ചു.എന്നാൽ ജില്ലാതല അധികൃത സമിതി കൺവീനറുടെ ഉത്തരവുകൾ പ്രകാരം ( ടി ബി (3) 250/17(1) തീയ്യതി 25.4.17 ) നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുവാദമാണ് നൽകിയിരിക്കുന്നത്. ആയതിനാൽ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തത്

ചിറക്കൽ അംശം പുഴാതി ദേശത്ത് റീസർവെ.59(2) ൽ പെട്ട് സ്ഥലത്ത് ശ്രീമതി. പള്ളിവളപ്പിൽ ഹഫ്സത്ത്, കരികക്കുളത്ത് റസീന എന്നിവർക്ക് പെർമിറ്റ് നമ്പർ A3/1613/2013-14 പ്രകാരം 0.0657 ഹെക്ടർ സ്ഥലത്ത് റസിഡൻഷ്യൽ ക്വാട്ടേഴ്സ് നിർമിക്കാൻ പെർമിറ്റ് നൽകിയിട്ടുണ്ട്.

2017-18 വർഷം നിർമ്മാണം പൂർത്തിയാക്കുകയും ഫയൽ നമ്പർ 18930 മുതൽ 18939 വരെ പ്രകാരം കെട്ടിടനമ്പർ V(60)F മുതൽ V(60)O വരെ നൽകുകയും ചെയ്തിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ താഴെ പ്രതിപാദിക്കുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1.കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ 795.87 സ്ക്വയർ മീറ്റർ നിർമാണം നടത്തിയിട്ടുണ്ട്. എന്നാൽ ഓവർസിയറുടെ വാല്വേഷൻ പ്രകാരം ആകെ 906.22 സ്ക്വയർ മീറ്റർ നിർമാണം നടന്നിട്ടുണ്ട്. KPBR 35(2) പ്രകാരം A1 കാറ്റഗറി കെട്ടിടങ്ങൾക്ക് കവറേജ് ലിമിറ്റ് 65% മാത്രമാണ്. ഇവിടെ കവറേജ് 73.47% വരുന്നുണ്ട്.

2.സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന Front,Rear, സെറ്റ് ബാക്ക് (KPBR 27(3),(4) പ്രകാരം

വേണ്ടത്) സൈറ്റിൽ ലഭ്യമല്ലെന്ന് സൈറ്റ് പരിശോധനാ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

3.KPBR(38).1 പ്രകാരം 60 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഓരോതാമസ യൂണിറ്റിനും ഒന്നുവീതം പാർക്കിംഗ് കണക്കാക്കുമ്പോൾ ആകെ 15 പാർക്കിംഗ് യൂണിറ്റ് ആവശ്യമുണ്ട്.എന്നാൽ 5എണ്ണം മാത്രമേ പ്ലാനിൽ ലഭ്യമാകുന്നുള്ളൂ.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം 40/17-18,29.11.18) തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - അപാകങ്ങൾ

1) ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം ഓരോ അർദ്ധ വർഷം തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും.എന്നാൽ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കിയ താഴെ പറയുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|
| പ്രമോദ്കുമാർ, ക്യാഷ്യർ | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് |
| ടി.ദിവാകരൻ, അക്കൗണ്ടന്റ് | ചിറക്കൽ ഗ്രാമ പഞ്ചായത്ത് |
| ബൈജു.എം.ഗോപാൽ | ചിറക്കൽ ഗ്രാമ പഞ്ചായത്ത് |

മേൽ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കാത്തതിന്റെ കാരണം അറിയിക്കുവാൻ അറിയിച്ചുകൊണ്ട് നൽകിയ,ഓഡിറ്റ് അന്വേഷണം നം. 39 /17-18 തീയതി 28.11.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തത്

2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1) പി.വി.എം ഹോസ്പിറ്റൽ

2) ഖാദി സർവ്വോദയ സംഘം

3) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ

4) ശ്രീനിവാസ സോമിൽ

5) ചിത്ര സ്റ്റോർ,പുതിയതെരു

6) കെ.എൽ.പി.പ്ലൈവുഡ്,കീരിയാട്

7) അബ് ലും ഫാബ്രിക്സ്

8) എഫ്.എ.സി.ടി അഗ്രോ സർവ്വീസ് സെന്റർ

9) ഷാഷൻ ഫാബ്രിക്സ്,വെങ്ങര വയൽ

10) ഫൈൻ ബോർഡ്

12) സൺടെക് എഞ്ചിനീയറിംഗ്

13) ചൈതന്യ ദന്തൽ സ്പെഷ്യാലിറ്റി ക്ലിനിക്ക് & എൻഡോടോഡിക്ക് സെന്റർ

14) പെട്രോൾ പമ്പ്(ശ്രീദേവി ഏജൻസിസ്,ചിറക്കൽ)

തൊഴിൽ നികുതി ഒടുക്കാത്തതിന്റെ കാരണം അറിയിക്കുവാൻ അറിയിച്ചുകൊണ്ട് നൽകിയ,ഓഡിറ്റ് അന്വേഷണം നം. 39 /17-18 തീയതി 28/11/18 ന് മറുപടിലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം പ്രവർത്തിക്കുകയും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാവുകയും ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1997-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല.രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ചട്ടം 8 പ്രകാരം 5000രൂപവരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500രൂപവരെ ആകാവുന്ന അധിക പിഴ ശിക്ഷയും നല്കാവുന്നതാണ്.

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന സ്വകാര്യ ആശുപത്രികളും,പരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ഡി& ഒലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തതായി രേഖപ്പെടുത്തലുകളില്ല .ഈസ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കാനിടയായത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 ചൈതന്യ ദന്തൽ സ്പെഷ്യാലിറ്റി ക്ലിനിക്ക്/എൻഡോ ഡോൻടിക് സെന്റർ

2പി.വി.എ ആയുർവേദ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ,കാട്ടാമ്പള്ളി

3 എസ്.എം ദന്തൽ ക്ലിനിക്ക്,പുതിയതെരു

4ധന്വന്തരി ആയുർവേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ

5 സ്മൈൽ കെയർ ദന്തൽ ക്ലിനിക്ക്,പുതിയതെരു

6ബയോ ലാബ് അഡ്വാൻസ്ഡ് ഡയഗ് നോസ്റ്റിക്ക് സെന്റർ,പുതിയതെരു

7 ബയോ ദന്തൽ ക്ലിനിക്ക്,പുതിയതെരു

8 ക്യുർ & കെയർ പോളിക്ലിനിക്ക്,അലവിൽ

9 ജീവൻ ക്ലിനിക്ക് & ലബോറട്ടറി സ്കാനിങ്ങ് സെന്റർ,പുതിയതെരു

10 ശാന്തി ആയുർവേദ ഹോസ്പിറ്റൽ ,കാട്ടാമ്പള്ളി

11 ജീവനം ആയുർവേദ ആശുപത്രി ,ആറാകോട്ടം

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 38/17-18 തീയതി 28/11/2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് യഥാസമയം റിപ്പോർട്ട് നല്കാൻ വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് രേഖാമൂലം നിർദ്ദേശം നൽകേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 കെട്ടിട വാടക -അപാകങ്ങൾ

1.പഞ്ചായത്ത് ഭരണ സമിതിയുടെ 24.01.2002 ലെ 39/02തീരുമാന പ്രകാരം തയ്യാറാക്കിയതും പഞ്ചായത്ത് ഡയരക്ടറുടെ സി/8104/2002 തീ 03.08.2002 പ്രകാരം അംഗീകരിച്ചതുമായ വാടക ഉപ നിയമാവലി(ബൈലോ) സീരിയൽ നം 5,6 പ്രകാരം മുറികൾ കൈവശം വെക്കാനുള്ള അവകാശം വർഷാ വർഷമോ അഥവാ മൂന്ന വർഷത്തിൽ കവിയാത്ത കാലത്തിലേക്കോ, മാർച്ച് 31 ന്ന് അവസാനിക്കും വിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന മാസ വാടകയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുക എന്നും, ലേലം കൊള്ളാതെ മുൻപ് അനുവദിച്ച വാടകക്കാരനു തന്നെ മുറികൾ വാടകയ്ക്ക് നൽകുന്ന പക്ഷം ആയത് പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോടെ ആയിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ലേല നടപടികളില്ലാതെ ഒരേ വാടകക്കാരനു തന്നെ വർഷങ്ങളായി മുറികൾ അനുവദിക്കുന്നതായാണ് കാണുന്നത്. ആയതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

മമ്മുഹാജി കെ - റൂം നം 15/796വാടക @1728/month

അബ്ദുൾ അസീസ്- റൂം നം 15/798 വാടക@1916/month

റഷീദ് സി കെ - റൂം നം 15/797 വാടക@1904/month
വാടക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

2.2017-18 വർഷത്തിൽ കെട്ടിടങ്ങളുടെ വാടക ഇനത്തിൽ വാടക രജിസ്റ്റർ പ്രകാരം ₹15,99,864 രൂപ വരവുണ്ട്. ഇതേ തുക തന്നെ 2017-18 വർഷത്തിൽ വരവു വന്നതായി ഡേബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ AFS (RP43) പ്രകാരം ₹15,31,611 രൂപ മാത്രമേ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ.ഇപ്രകാരം 2017-18 വർഷത്തിലെ വാർഷിക ധനകാര്യ പത്രികയിൽ കെട്ടിട വാടക ഇനത്തിൽ ₹68253 രൂപ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2016-17 വർഷത്തിൽ വാടക അഡ്വാൻസായി ലഭിച്ചതും അഡ്ജസ്റ്റു ചെയ്യാത്തതുമായ 74,025 രൂപ 2017-18 വർഷത്തിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

3.വാടക രജിസ്റ്റർ പ്രകാരം കുടിശ്ശിക വാടകയിനത്തിൽ 2017-18 ൽ ₹ 8179 രൂപയാണ് വരവ് വന്നിട്ടുള്ളത്.(വത്സൻ.എൻ.കെ , റൂം നം 15/852 യുടെ ₹2407 ഉൾപ്പെടെ).എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ RP43 ഷെഡ്യൂൾ പ്രകാരം ₹5772 രൂപ മാത്രമാണ് വരവ്

രേഖപ്പെടുത്തിയത്.വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ കുറിപ്പിന് വ്യക്തതയില്ല.

4.ബാലൻ പി എസ് , New GF Room No 14(xv 865) എന്ന വാടകക്കാരൻ ജൂലൈ 2017 മുതൽ ഡിസംബർ 2017 വരെയുള്ള വാടക 01.01.2018 തീയതിയിലാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ അദ്ദേഹത്തിൽ നിന്നും നിയമാനുസൃതമായ പിഴപ്പലിശ ഈടാക്കിയിട്ടില്ല.

Room No XV -822 വാടകയ്ക്ക് നൽകാതെ 2017-18 വർഷത്തിൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്.ലേല നടപടികളിലൂടെ ഈ മുറി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

വാടക ഈടാക്കുമ്പോൾ ജി എസ് ടി ഈടാക്കിയതിന്റെയും ഒടുക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജിഎസ് ടി ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 12/22.11.18)മറുപടി ലഭ്യമാക്കിയിട്ടില്ല.തൻ വർഷ വാടക ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ (RP43) കുറവു വരാനുള്ള കാരണം വ്യക്തമാക്കേണ്ടതും,പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

ഭാവിയിൽ ബൈലോ പ്രകാരമുള്ള ലേല നടപടികൾ സ്വീകരിച്ച് മുറികൾ വാടകയ്ക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ് ഫീസ്- ഈടാക്കിയതിൽ കുറവ്- 2600/-രൂപ നഷ്ടം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹനീയവുമായ വ്യാപാരികൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 11, 111 പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിലൊ, സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിലൊ ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന സ്ഥാപന ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട്.

| ക്രമനം | അപേക്ഷകന്റെ പേര് | വ്യപാര ഇനം/എച്ച്.പി/ വിറ്റുവരവ് | ഈടാക്കേണ്ട തുക | ഈടാക്കിയ തുക/റസീറ്റ് നമ്പർ /തീയതി | കുറവു വന്ന തുക |
|---|---|---|---|---|---|
| 1 | എം.എ.ഹമീദ് അഴീക്കോട് | ധാന്യങ്ങൾ പൊടിച്ച് നൽകുന്നു, 20hp | ₹200 | 100/11601115684 /17-2-17 | ₹100 |
| 2 | ഒ.ശിവാനന്ദൻ അലവിൽ | ഈർച്ചമിൽ നടത്തുന്നതിന്, 63hp | ₹1000 | 500/11601113768 /20-2-17 | ₹500 |

| | | | | | |
|---|---|---|---|---|---|
| 3 | എ.പി.മുഹമ്മദ് കീരിയാട് | ബ്ലോക്ക് ബോർഡ്,പ്ലൈവുഡ് നിർമ്മാണം,68hp | ₹1000 | 500/11601113892 /21-2-17 | ₹500 |
| 4 | വാസന്തി .സി പുതിയതെരു | ഫ്ലളോർ മിൽ നടത്തുന്നതിന് 22hp | ₹300 | 100/11601114752 /27-2-17 | ₹200 |
| 5 | സി.കെ മനോഹരൻ പള്ളിക്കുന്ന് | ബിസ്കറ്റ്, സ്റ്റേഷനറി ₹22000 | ₹500 | 100/117010101414 /11-5-17 | ₹400 |
| 6 | എം.എ അഷറഫ് കാട്ടാമ്പള്ളി | ഫ്ലവർമിൽ നടത്തുന്നതിന്, 15hp | ₹200 | 100/117010101671 /20-5-17 | ₹100 |
| 7 | കെ.എസ് അബ്ദുൾ സത്താർ, കീരിയാട് | മരം ഒട്ടിക്കുന്നതിനുള്ള പശ നിർമ്മിച്ച് വില്പന , 98hp | ₹1000 | 500/117010101775 /22-5-17 | ₹500 |
| 8 | കെ.നവാസ് കാട്ടാമ്പള്ളി | കമ്പി,സിമന്റ് വില്പന, ₹20000/- | ₹500 | 200/117010103218 /3-7-17 | ₹300 |
| | | | ആകെ | | ₹2600 |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 2600/- രൂപ ബന്ധപ്പെട്ടവരിൽനിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഗുണഭോക്തൃലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടില്ല

സഉ(എംഎസ്) 80/17 /തസ്വഭവ തീയതി 03.04.17 ഖണ്ഡിക 20(2)മുതൽ 20(7) വരെയുള്ള വ്യവസ്ഥകൾ പ്രകാരം അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണമെന്നും അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിച്ച് മിനട്സിൽ തീരുമാനം രേഖപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്താതെ വേണം ഭരണ സമിതി ലിസ്റ്റിന് അംഗീകാരം നല്കാൻ.

സഉ(എംഎസ്) 80/17 /തസ്വഭവ തീയതി 03.04.17ഖണ്ഡിക 20(8),(9) ൽ തദ്ദേശ സ്ഥാപനത്തിന്റെ ഗുണഭോക്തൃലിസ്റ്റ് സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താത്ത ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയാണെങ്കിൽ ബാധ്യത ചെലവഴിച്ച ഉദ്യോഗസ്ഥനായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. www.lsgkerala.in/chirakkalpanchayat എന്ന ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 2017-18 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃലിസ്റ്റ്(അസിസ്റ്റന്റ് സെക്രട്ടറിയുടെത് ഒഴികെ) പ്രസിദ്ധപ്പെടുത്തിയിട്ടില്ല.സർക്കാർ നിർദ്ദേശം പാലിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ പിഴവാണ്. ഉചിത നടപടികൾക്കായി ഇക്കാര്യം ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു

## 3-2 യഥാസമയം നടപടികൾ എടുക്കുന്നില്ല- വാട്ടർ അതോറിറ്റിയിലും കെഎസ്ഇബിയിലും ലക്ഷങ്ങൾ മുടങ്ങിക്കിടക്കുന്നു

2011-12 സാമ്പത്തിക വർഷം മുതൽ വാട്ടർഅതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 1,23,40,707രൂപയും കെ എസ് ഇബിയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ 23,12,982രൂപയും ഓഡിറ്റ് വർഷവും അഡ്ജസ്റ്റ് ചെയ്തിട്ടില്ല എന്നാണ് ബാലൻസ് ഷീറ്റിലെ ബി 18 ഷെഡ്യൂളിൽ നിന്ന് വ്യക്തമാകുന്നത്. ഡെപ്പോസിറ്റ് രജിസ്റ്ററിലും ഇത്രയും തുക നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

വികസന ഫണ്ട് പോലെ ചെലവിനനുസരിച്ച് മാത്രം പിൻവലിക്കാൻ അനുമതി ഉള്ള ഫണ്ടുകൾ ഈ രീതിയിൽ മുടങ്ങിക്കിടക്കാനിടയാകുന്നത് ശരിയല്ല. സ്ഥാപനങ്ങളുമായി കരാർ ചമക്കുമ്പോൾ പൂർത്തീകരണ കാലാവധി സംബന്ധിച്ചും കരാർ ലംഘനത്തിനുള്ള പിഴ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്. ഡെപ്പോസിറ്റ് ചെയ്യുമ്പോൾ പദ്ധതി സംബന്ധിച്ച വ്യക്തമായ ധാരണ ഉണ്ടാകാതിരിക്കുന്നതും സ്ഥല ലഭ്യത ഉറപ്പു വരുത്താതെ കുടിവെള്ള പദ്ധതികൾ തയ്യാറാക്കുന്നതും പദ്ധതി വൈകാൻ കാരണമാകുന്നുണ്ട്.

ഉദാഹരണമായി റെയിൽവേ കട്ടിംഗ് കോളനി കുടിവെള്ള പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയിൽ 12.8 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തത് കോളനിക്കകത്ത് വാട്ടർ ടാങ്കും കിണറും ഉൾപ്പെടെ നിർമ്മിക്കാൻ ഉദ്ദേശിച്ചായിരുന്നു. പിന്നീട് കിണർ നിർമ്മിക്കാൻ സ്ഥലം നല്കാമെന്ന് പറഞ്ഞ വ്യക്തി സ്ഥലം വീട് നിർമ്മിക്കാൻ ഉപയോഗപ്പെടുത്തിയതിനാൽ

സ്ഥലം ലഭ്യമല്ലെന്നും പൈപ്പ് ലൈൻ നീട്ടി കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കണമെന്നും വാട്ടർ അതോറിറ്റിയോട് അപേക്ഷിക്കുകയും 2.65കി മീ നീളത്തിൽ പൈപ്പ് ലൈനിട്ട് കോളനിയിലേക്ക് കുടിവെള്ളമെത്തിക്കാൻ 15.5ലക്ഷത്തോളം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി ബാക്കി തുക കൂടി ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. ഓഡിറ്റ് തീയതി വരെയും പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് വർക്കുകളുടെ കാര്യത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്കും ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിലേക്കും ഭരണസമിതിയുടെയും സെക്രട്ടറിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഡെപ്പോസിറ്റ് - ബാലൻസ് ഷീറ്റിൽ തെറ്റായ തുക ഉൾപ്പെടുത്തി

വൗച്ചർ നമ്പർ- 21700743/21.10.17 Rs.8,36,000

2014-15 സാമ്പത്തിക വർഷം കാട്ടാമ്പള്ളി യുപി സ്കൂളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത 836000രൂപ(പ്രോജക്ട് 109/15-ധനകാര്യകമ്മീഷൻ ഗ്രാന്റ്) 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് തിരികെ നല്കിയത് ( അനർട്ടിൽ നിന്നും ഡി ഡി നമ്പർ 142992/23.6.17പ്രകാരം) ചലാൻ നമ്പർ KL007007683/20.07.17 പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷാവസാനവും തിരികെ ലഭിക്കാൻ ബാക്കിയുള്ളതായാണ് ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയത്. വൗച്ചർ പ്രകാരം രേഖപ്പെടുത്തിയ ചെലവു ഹെഡിൽ ചെലവു കാണിക്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്.ഗ്രാമപഞ്ചായത്തിലെ വരവു ചെലവുകൾ സംബന്ധിച്ച് സാംഖ്യയിൽ വരുന്ന രേഖപ്പെടുത്തലുകൾ കൃത്യമല്ല എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 ൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ ഉണ്ടാക്കിയ കരാറിൽ, കരാർ ലംഘനത്തിനുള്ള പിഴ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്.പ്രസ്തുത ഖണ്ഡികയിൻമേൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18/17-18 തീയതി 24.11.18ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സാമ്പത്തിക ഇടപാടുകളിൽ മാറ്റം വരുത്തുന്നതും (ബുക്ക് അഡ്ജസ്റ്റ്മെന്റ് വഴിയും മറ്റും) വരവു ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നതും ആധികാരികമാണെന്ന് ഉറപ്പു വരുത്തുന്നതിലേക്ക് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നല്കേണ്ടതാണ്. സോഫ്റ്റ് വെയർ പൂർണ്ണമായ രീതിയിൽ പരിചിതമാകുന്നതു വരെ നോട്ട് ഫയൽ സൂക്ഷിക്കുന്നത് ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ സഹായിക്കും

## 3-4 കേന്ദ്രീകൃത വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

ജി ഒ(പി) 259/10/തസ്വഭവ/08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ സമാഹരണ നടപടിക്രമങ്ങളിൽ, വേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടികൾ ആരംഭിക്കണമെന്നും നിരക്കുകൾ താരതമ്യം ചെയ്ത്

വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്തണമെന്നും ഓഫീസ് ഉപകരണം , ഫർണ്ണിച്ചർ ഇവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ചു വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ തരത്തിലുള്ള സാധനങ്ങൾ തന്നെ വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകമായി ടെണ്ടർ ക്ഷണിച്ച് വാങ്ങുകയും കൂടുതൽ സാധനങ്ങൾ ഇ ടെണ്ടർവഴി വാങ്ങുന്നതിലൂടെ ലഭ്യമാകാനിടയുള്ള ലാഭം ഗ്രാമപഞ്ചായത്തിന് ലഭിക്കാതാകുകയും ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | സാധനത്തിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വില | ടെണ്ടർ ലഭിച്ച സ്ഥാപനം |
|---|---|---|---|---|---|
| 1 | വയോജനങ്ങൾക്ക് കട്ടിൽ-എസ് സി | കട്ടിൽ(സർക്കാർ സ്പെസിഫിക്കേഷനോട്ടു കൂടിയത് ) | അസിസ്റ്റന്റ് സെക്രട്ടറി | 3650 | രാജധാനി ഏജൻസീസ് (ഇ ടെണ്ടർ) |
| 2 | വയോജനങ്ങൾക്ക് കട്ടിൽ -ജനറൽ | കട്ടിൽ(സർക്കാർ സ്പെസിഫിക്കേഷനോട്ടു കൂടിയത് ) | ഐ സി ഡിഎസ് സൂപ്പർവൈസർ | 4350 | അനു ഏജൻസീസ് |

ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരിക്കുമ്പോൾ തന്നെ ഈ രീതിയിൽ സമാന സ്വഭാവമുള്ള വാങ്ങലുകൾ ഉണ്ടാകുമെന്ന കാര്യം വ്യക്തമാകുന്നതാണ്. ഒരേ പർച്ചേസ് കമ്മറ്റി തന്നെയാണ് വാങ്ങലുകൾ മോണിറ്റർ ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്രീകൃത വാങ്ങൽ സംവിധാനം പിൻതുടരാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ അപാകമാണ്.

കൂടാതെ ഓഫീസ് ആവശ്യത്തിനാണ് ഐസിഡിഎസ് സൂപ്പർവൈസറും കൃഷിഓഫീസറും വെറ്റിനറി സർജ്ജനും കമ്പ്യൂട്ടർ വാങ്ങിയത്. എന്നാൽ നിശ്ചയിക്കപ്പെട്ട സ്പെസിഫിക്കേഷൻ വ്യത്യസ്തമാണ്. പിഡബ്ല്യൂഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്ന് സ്പെസിഫിക്കേഷൻ വാങ്ങുന്നതിനു മുമ്പ് ഏതൊക്കെ കാര്യങ്ങളാണ് കമ്പ്യൂട്ടർ വഴി നടത്തേണ്ടത് എന്ന രീതിയിലുള്ള കത്ത് അവർക്ക് നല്കിയിട്ടില്ല എന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. അതുപോലെ മൾട്ടി പർപ്പസ് പ്രിന്ററും ഐസിഡിഎസ് പോലുള്ള ചെറിയ ഓഫീസിന് ആവശ്യമുണ്ടോ എന്ന കാര്യവും പരിശോധിക്കപ്പെട്ടിരുന്നില്ല.ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രോജക്ടുകൾ തയ്യാറാക്കുകയും അതിനനുസരിച്ച് സ്പെസിഫിക്കേഷൻ ആവശ്യപ്പെടുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതിലേക്ക് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ക്ഷേമ പെൻഷൻ - വിവിധ അപാകങ്ങൾ

**1. പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട തീയതിക്കു ശേഷവും പെൻഷൻ വിതരണം ചെയ്യുന്നു**

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട തീയതിക്കു ശേഷവും പെൻഷൻ വിതരണം ചെയ്തതായി സേവന സോഫ്റ്റ് വെയറിൽ നിന്നുള്ള പെൻഷൻ ഡിസ്ബേർസ്മെന്റ് വിവരങ്ങൾ

പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പെൻഷൻ | ഐഡി/ആധാർ നമ്പർ | മരിച്ച തീയതി | അവസാനം വിതരണം ചെയ്ത മാസം |
|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 111310201816 | 23.01.17 | 4/2017 |
| 2 | വാർധക്യകാല പെൻഷൻ | 111310203015 | 27.11.15 | 9/2016 |
| 3 | വിധവാ പെൻഷൻ | 891544841635 | 28.01.16 | 9/2016 |
| 4 | വാർധക്യകാല പെൻഷൻ | 111310201927 | 18.07.2016 | 9/2016 |

2017-18 വർഷത്തിൽ മരണപ്പെട്ടുമൂലം പെൻഷൻ റദ്ദ് ചെയ്തവരുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 33/27.11.18)മറുപടി ലഭ്യമാക്കിയില്ല. മരണപ്പെടുന്നവരുടെ കാര്യത്തിൽ മരണപ്പെട്ട തീയതിയിൽ തന്നെ പ്രാബല്യം വരുന്ന രീതിയിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ക്ഷേമ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വ്യക്തമായി രേഖപ്പെടുത്താതിനാൽ 2017-18 വർഷത്തിൽ ലഭിച്ച ക്ഷേമ പെൻഷൻ അപേക്ഷകൾ, പഞ്ചായത്ത് സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.സേവന സോഫ്റ്റ് വെയറിൽ നിന്നും ക്ഷേമ പെൻഷൻ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പെൻഷൻ തരം | 2017-18 വർഷത്തിൽ പഞ്ചായത്തിൽ ലഭിച്ച ആകെ അപേക്ഷകൾ | 2017-18 വർഷത്തിൽ നിരസിച്ച ആകെ അപേക്ഷകൾ | 2017-18 വർഷത്തിൽ നടപടിയെടുക്കാത്ത അപേക്ഷകൾ | 2017-18 വർഷാരംഭത്തിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷത്തിൽ നീക്കം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷത്തിൽ കൂട്ടിചേർത്ത ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷാവസാനത്തിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| വാർദ്ധക്യ കാല പെൻഷൻ | 387 | 9 | - | 3590 | 22 | 360 | 3928 |
| വിധവാ പെൻഷൻ | 72 | 2 | - | 1389 | - | 69 | 1458 |
| കർഷക തൊഴിലാളി പെൻഷൻ | 1 | 1 | - | 140 | 1 | - | 139 |
| വികലാംഗ പെൻഷൻ | 30 | 2 | - | 375 | 3 | 74 | 446 |
| 50 വയസ്സിന്ന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | - | - | 352 | 1 | 11 | 362 |

മാർച്ച് 2018 വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.ക്ഷേമ പെൻഷൻ അപേക്ഷകൾ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതും, സേവന സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി സമർപ്പിച്ചതിന്റെ തീയതി ഉൾപ്പെടെയുള്ള വിവരങ്ങളും,അപേക്ഷ നിരസിക്കുകയാണെങ്കിൽ നിരസിക്കാനുണ്ടായ കാരണവും ബന്ധപ്പെട്ട രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച്ചയാണ്. രജിസ്റ്റർ സൂക്ഷിപ്പ് കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ഒഴിഞ്ഞ താർ വീപ്പയുടെ വില അതാത് ഫണ്ടുകളിലേക്ക് തിരിച്ചടവാക്കുന്നില്ല.

2017-18 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞ താർ വീപ്പയുടെ വിലയും ആയതിന്റെ GST തുകയും ഈടാക്കിയിട്ടുണ്ട്. ആയതിൽ നിന്നും

താർ വീപ്പയുടെ വില സർക്കുലർ നമ്പർ 59827/എഫ് എം/ 07 തസ്വഭവ 30.10.07 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിത് അതേഫണ്ടിൽ ജിഒ(പി) 177/06 ധന. 12.4.06 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/17-18 ,24.11.18 ന് നൽകിയ മറുപടിയിൽ നിലവിൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ ടി എസ് ബി അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും,ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുന്നതായിരിക്കും എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി ത്വരിതപ്പെടുത്തുന്നതിന് ഭരണസമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | തുക,ജിഎസ് ടി സഹിതം |
|---|---|---|---|
| 1 | 139/18 | ചന്ദ്രൻ കട-മഹിളാസമാജം റോഡ് ടാറിംഗ് | 2380 |
| 2 | 143/18 | പന്നിയിട്ടുക്ക് നരിക്കുണ്ട് വയൽ റോഡ് ടാറിംഗ് | 2142 |
| 3 | 124/18 | കാട്ടാമ്പള്ളി ഇടയിൽ പീടിക കടവത്ത് വളപ്പിൽ റോഡ് ടാറിംഗ് | 3570 |
| 4 | 134/18 | പനങ്കാവ് മിൽക്ക് സൊസൈറ്റി-പനങ്കാവ് അംഗനവാടി റോഡ് ടാറിംഗ് | 3094 |
| 5 | 125/18 | ഓണപ്പറമ്പ് ലക്ഷംവീട് അംഗനവാടി റോഡ് ടാറിംഗ് | 1666 |

| | | | |
|---|---|---|---|
| 6 | 133/18 | പനങ്കാവ് - മിൽക് സൊസൈറ്റി ചാലുവയൽ റോഡ് ടാറിംഗ് | 5712 |
| 7 | 123/18 | വള്ളുവൻകടവ് റോഡ് റീ-ടാറിംഗ് | 7616 |
| 8 | 151/18 | കട്ടിംഗ് എസ് സി കോളനി-കോലൻകട മൊളോളം റോഡ് ടാറിംഗ് | 2618 |
| 9 | 144/18 | അഞ്ചുകണ്ടിപറമ്പ്-സ്കൂൾ പാറ റെയിൽവേഗേറ്റ് റോഡ് ടാറിംഗ് | 7616 |
| 10 | 121/18 | മത്തായി റോഡ് റീ ടാറിംഗ് | 1666 |
| 11 | 171/18 | ചിറക്കൽ ചിറ നോർത്ത് സൈഡ് ടാറിംഗ് | 3094 |
| 12 | 174/18 | പട്ടേൽ റോഡ് ശ്രീമതി വീട് റോഡ് ടാറിംഗ് | 1904 |
| 13 | 137/18 | പനങ്കാവ് ടെമ്പിൾ റോഡ് ടാറിംഗ് | 1190 |
| 14 | 173/18 | പണ്ണേരിമുക്ക് പൂതപ്പാറ റോഡ് റീ-ടാറിംഗ് | 1904 |

| | | | |
|---|---|---|---|
| 15 | 178/18 | ചിറക്കൽ ചിറ ഫോക് ലോർ അക്കാദമി റോഡ് ടാറിംഗ് | 2618 |
| 16 | 117/18 | സ്മാരിക നിലയം - തവ റോഡ് റീടാറിംഗ് | 5950 |
| 17 | 122/18 | കീരിയാട് റോഡ് - പയറ്റിക്കാവ് റോഡ് റീടാറിംഗ് | 5474 |
| 18 | 179/18 | അംഗനവാടി-പനങ്കാവ് കുളം റോഡ് ടാറിംഗ് | 2142 |
| 19 | 142/18 | ജീവനം കുറത്തിക്കുണ്ട് റോഡ് ടാറിംഗ് | 5474 |
| 20 | 175/18 | കപ്പാലം ഓണപ്പറമ്പ് ചള്ളക്കര റോഡ് ടാറിംഗ് | 2142 |
| 21 | 136/18 | ആലോട്ട് റോഡ് കട്ടായട്ട് കാദർ റോഡ് ടാറിംഗ് | 2142 |
| 22 | 176/18 | സ്കൂൾപാറ കല്ലടത്തോട് റോഡ് ടാറിംഗ് | 2142 |
| 23 | 172/18 | എ കെ ജി റോഡ് മണ്ട്യൻ ലക്ഷ്മി വീട് റോഡ് ടാറിംഗ് | 1904 |

| | | | |
|---|---|---|---|
| 24 | 135/18 | വെള്ളുവക്കണ്ടി കൊട്ടാരത്തുംചാൽ റോഡ് ടാറിംഗ് | 1666 |
| 25 | 128/18 | മണ്ടേൻ പദ്മനാഭൻ റോഡ് - കോളനി റോഡ് ടാറിംഗ് | 1904 |
| 26 | 257/18 | അത്താഴക്കുന്ന് മുകുന്ദൻ പീടിക ജനാർദനൻ വീട് ടാറിംഗ് | 1666 |
| 27 | 56/18 | പുഴാതി മണ്ഡപം ദേവസ്വം പറമ്പ റോഡ് ടാറിംഗ് | 2247 |
| 28 | 60/18 | മുച്ചിലോട്ട് കാവ് കീരിയാട് റോഡ് ടാറിംഗ് | 10953 |
| 29 | 115/18 | ഇടയിൽ പീടിക ക്വാട്ടേഴ്സ് കടവത്ത് റോഡ് ടാറിംഗ് | 2808 |
| 30 | 67/18 | മാവില കുനിയിടം റോഡ് ടാറിംഗ് | 2247 |
| 31 | 263/18 | അഴീക്കോട് മുക്ക് ആലോട്ട് വയൽ റോഡ് ടാറിംഗ് | 3651 |

| | | | |
|---|---|---|---|
| 32 | 79/18 | അപ്പാരി സദാനന്ദൻ റോഡ് റീ ടാറിംഗ് | 3089 |
| 33 | 97/18 | ശശികല റോഡ് ടാറിംഗ് | 2808 |
| 34 | 90/18 | ആര്യമ്പേത്ത് മമ്മിണിയൻ ക്ഷേത്രം റോഡ് ടാറിംഗ് | 2528 |
| 35 | 267/18 | ശിശുമന്ദിരം ട്രാൻസ്ഫോർമർ ചക്കണ്ടം റോഡ് ടാറിംഗ് | 2808 |
| 36 | 222/18 | പടിഞ്ഞാറെ മൊട്ട കോളനി വയൽ റോഡ് ടാറിംഗ് | 1966 |
| 37 | 68/18 | കുന്നാവ് മുച്ചിലോട്ട് കാവ് റോഡ് ടാറിംഗ് | 2528 |
| 38 | 101/18 | ഐശ്വര്യകോളനി റോഡ് ടാറിംഗ് | 1404 |
| 39 | 70/18 | ഇ കെ നഗർ ക്ഷേത്രക്കുളം റോഡ് റീ ടാറിംഗ് | 2808 |
| 40 | 194/18 | കിഴക്കേക്കര ക്ഷേത്രക്കുളം റോഡ് ടാറിംഗ് | 1966 |

| | | | |
|---|---|---|---|
| 41 | 100/18 | ആശാരി രത്നാകരൻവീട് കുറത്തിക്കുണ്ട് റോഡ് ടാറിംഗ് | 2247 |
| 42 | 62/18 | അലവിൽ ദിനേശ് ബീഡി കമ്പനി റോഡ് ടാറിംഗ് | 13480 |
| 43 | 216/18 | കല്ലുകെട്ടുചിറ സെറ്റിൽ മെന്റ് കോളനി റോഡ് ടാറിംഗ് | 1966 |
| 44 | 61/18 | അത്താഴക്കുന്ന് കുലപ്പാല റോഡ് ടാറിംഗ് | 1966 |
| 45 | 91/18 | കുണ്ടൻചാൽ പോപ്പുലർ കമ്പനി റോഡ് ടാറിംഗ് | 2528 |
| 46 | 41/18 | വിവേകാനന്ദ റോഡ് ടാറിംഗ് | 1404 |
| 47 | 38/18 | പണ്ണേരിമുക്ക് പള്ളി എം കെ രാമകൃഷ്ണൻ റോഡ് ടാറിംഗ് | 3089 |
| 48 | 95/18 | കെ പി രാമചന്ദ്രൻ താഴെ വയൽ റോഡ് ടാറിംഗ് | 3651 |
| 49 | 99/18 | ആയത്താംപാറ മിനക്കി കമ്പനി | 1966 |

| | | | |
|---|---|---|---|
| | | റോഡ് ടാറിംഗ് | |
| 50 | 80/18 | അരിപ്പ മാധവൻ റോഡ് റീ ടാറിംഗ് | 2808 |
| 51 | 50/18 | ബാലൻകിണർ തീയ്യശ്മശാനം റോഡ് റീടാറിംഗ് | 6459 |
| 52 | 87/18 | കോട്ടകുന്നമ്മൽ റോഡ് ടാറിംഗ് | 2808 |
| 53 | 89/18 | പട്ടേപ്പറമ്പ റോഡ് ടാറിംഗ് | 1966 |
| | | ആകെ | 171914 |

## 3-7 ഇ- ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കുന്നില്ല

ഇ- ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിലേക്കാണ് അടവാക്കി വരുന്നത് .ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | വർഷം | തുക |
|---|---|---|
| 1 | 2014-15 | 64430 |
| 2 | 2015-16 | 80692 |
| 3 | 2016-17 | 85679 |
| 4 | 2017-18 | 83984 |
| | ആകെ | 3,14,785 |

മേൽതുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 സ്കൂൾ ഓഡിറ്റോറിയത്തിന് കറന്റ് കണക്ഷൻ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട്- 00201/18

അംഗൻവാടി, കാട്ടാമ്പള്ളി ജി എം യു പി സ്കൂൾ കറന്റ് കണക്ഷൻ എടുക്കൽ

അടങ്കൽ- 21900( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ- 171901520143007 6484/dt. 7.12.17 Rs. 11200/-

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കാട്ടാമ്പള്ളി ജി എം യു പി സ്കൂൾ ഓഡിറ്റോറിയത്തിന് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ , കെ എസ് ഇ ബി ,വളപട്ടണത്തിന്റെ അക്കൗണ്ടിലേക്ക് (67132443605) 11,200 രൂപ 12.01.18 ന് കൈമാറിയിട്ടുണ്ട്. കറന്റ് കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/17-18 24.11.18 ന് നൽകിയ മറുപടിയിൽ കറന്റ് കണക്ഷൻ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ വിനിയോഗ സാക്ഷ്യപത്രം,പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

## 3-9 മഴക്കാലപൂർവശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- 5,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി
വൗച്ചർ നമ്പർ- 21700437/26.07.17
ചെക്ക് നമ്പർ-564163/26.7.17 Rs.5,75,000/-(എസ് ബി ടി, തനത് ഫണ്ട്)

സർക്കാർ ഉത്തരവ് നമ്പർ .2096/2017 തസ്വഭവ തീ. 21.6.17 പ്രകാരം മഴക്കാല പൂർവ്വശുചീകരണത്തിന് വേണ്ടി ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ വാർഡ് തല ശുചിത്വ പോഷണ കമ്മറ്റി കൺവീനർമാരുടെ അക്കൗണ്ടുകളിലേക്ക് 25,000/- രൂപ വീതം മുൻകൂറായി കൈമാറിയിട്ടുണ്ട്. ആയത് ക്രമവൽകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതണെന്ന് കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 18/17-18 24.11.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 5,75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.മുഴുവൻ വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ തൃപ്തികരമായി നടന്നിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ ഹെൽത്ത് ഇൻസ്പെക്ടർ അറിയിക്കുകയുണ്ടായി. വിനിയോഗ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്

## 3-10 സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ- 244/18 (സ്ട്രീറ്റ് ലൈൻ നീട്ടൽ 2017-18)

അടങ്കൽ- 552550( ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.ചെലവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ബിൽനമ്പർ/തീയ്യതി | തുക | നൽകിയത് |
|---|---|---|---|
| 1 | 17190152014300844853/29-12-17 | 83555 | അസിസ്റ്റന്റ് എഞ്ചിനീയർ<br>അഴീക്കോട് |
| 2 | 17190152014300842569/28-12-17 | 65525 | അസിസ്റ്റന്റ് എഞ്ചിനീയർ, കെഎസ് ഇ ബി,<br>പള്ളിക്കുന്ന് |
| 3 | 17190152014300838745/28.12.17 | 3,50,130 | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കെ എസ് ഇ ബി,<br>വളപട്ടണം |
| | ആകെ | 499210 | |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/17-18 തീയതി 24.11.18 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-11 സംയുക്ത പരിശോധനാറിപ്പോർട്ട് ഇല്ല.ഇലക്ട്രിസിറ്റി ചാർജ് അടവാക്കുന്നതിന്റെ ആധികാരികത പരിശോധിക്കാനായില്ല.

ഇലക്ട്രിസിറ്റി ചാർജ് അടവാക്കുന്നതിനായി 2017-18 ൽ താഴെ പ്രതിപാദിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | മാസം | തുക |
|---|---|---|
| 1 | ഏപ്രിൽ | 77039 |
| 2 | മെയ് | 77039 |
| 3 | ജൂൺ | 95793 |
| 4 | ജൂലൈ | 84746 |
| 5 | ആഗസ്റ്റ് | 84746 |

| | | |
|---|---|---|
| 6 | സപ്തംബർ | 84746 |
| 7 | ഓക്ടോബർ | 84746 |
| 8 | നവമ്പർ | 84746 |
| 9 | ഡിസമ്പർ | 109298 |
| 10 | ജനവരി | 109298 |
| 11 | ഫിബ്രവരി | 109298 |
| 12 | മാർച്ച് | 109298 |
| | ആകെ | 11,10,793 |

ധനവിനിയോഗത്തിന്റെ സാധുത പരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്തും കെ എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18/17-18 തീയതി 24.11.18 ന് മറുപടി ഹാജരാക്കിയിട്ടില്ല.സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന തെരുവു വിളക്കുകൾ സംബന്ധിച്ച ലിസ്റ്റിൽ 325 ഓർഡിനറി ബൾബുകൾ ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഓർഡിനറി ബൾബുകൾ ഇല്ല എന്നാണ് മെമ്പർമാർ മറുപടി നൽകിയത്. ആയതിനാൽ എത്രയും പെട്ടെന്ന് കെ എസ് ഇ ബി യുമായി ചേർന്ന് തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിനുള്ള തുടർ നടപടികൾ (മീറ്റർ സ്ഥാപിക്കുന്നതുൾപ്പെടെ)സ്വീകരിക്കേണ്ടതുമാണ്.

## 3-12 <u>വെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധനാറിപ്പോർട്ട് ഹാജരാക്കിയില്ല.</u>

കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടവാക്കുന്നതിനായി താഴെ പ്രതിപാദിക്കും പ്രകാരം 228 ടാപ്പുകൾക്ക് വേണ്ടി ഓഡിറ്റ് വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | മാസം | തുക |
|---|---|---|
| 1 | ഏപ്രിൽ | 99750 |
| 2 | മെയ് | 99750 |
| 3 | ജൂൺ | 99750 |
| 4 | ജൂലൈ | 100188 |
| 5 | ആഗസ്റ്റ് | 100188 |
| 6 | സപ്തംബർ | 100188 |

| | | |
|---|---|---|
| 7 | ഓക്ടോബർ | 100188 |
| 8 | നവമ്പർ | 100188 |
| 9 | ഡിസമ്പർ | 100188 |
| 10 | ജനവരി | 100188 |
| 11 | ഫിബ്രവരി | 100188 |
| 12 | മാർച്ച് | 100188 |
| | ആകെ | 1200942 |

ധനവിനിയോഗത്തിന്റെ സാധുത പരിശോധിക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 23/17-18 തീയതി 24.11.18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലില്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി എത്രയും പെട്ടെന്ന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## **3-13** മുലയൂട്ടൽ കേന്ദ്രം ഫർണ്ണിഷിംഗ്-വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങിയതും മറ്റ് അപാകങ്ങളും- **1,58,059/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽഓഫീസർ -പിഎച്ച് സി

പ്രോജക്ട്- 299/18

അടങ്കൽ- 196550( വികസനഫണ്ട്)

ബിൽ നമ്പർ- 17190152013001301633/dt. 26.3.18 Rs. 158059/-

(ലിങ്ക് സർജിക്കൽസ് &മെഡിസിസ്റ്റംസ്-69600രൂപ, ഒമേഗ സെയിൽസ് ഏജൻസീസ്-64500രൂപ, റോയൽ ഏജൻസീസ്- 23959രൂപ)

ചിറക്കൽ ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിലെ മുലയൂട്ടൽ കേന്ദ്രം ഫർണിഷിംഗ് ചെയ്യുന്നതിനു വേണ്ടി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.എന്നാൽ അമ്മമാർക്ക് സൗകര്യപ്രദമായി മുലയൂട്ടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുപകരം,പദ്ധതി തയ്യാറാക്കിയത് ഈ ആവശ്യവുമായി നേരിട്ട് ബന്ധമില്ലാത്തതും പൊതു ആവശ്യങ്ങൾക്ക് ഉപകരിക്കുന്നതുമായ സാധനങ്ങൾ വാങ്ങുന്നതിനാണ്.ചുവടെ ചേർത്ത പ്രകാരമുള്ള സാധനങ്ങളാണ് വാങ്ങിയത്.

| പദ്ധതി പ്രകാരം വാങ്ങാൻ നിർദ്ദേശിച്ച സാധനങ്ങൾ | വാങ്ങിയ സാധനങ്ങൾ |
|---|---|

| ഇനം | എണ്ണം | ഇനം | എണ്ണം | വില |
|---|---|---|---|---|
| മേശ | 4 | മേശ (steel-5'x3' with 3 draws) | 4 | 23959 |
| കസേര | 100 | കസേര(armless) | 100 | 50848 |
| അലമാര | 3 | അലമാര(78x36) | 3 | 34500 |
| റാക്ക് | 3 | റാക്ക്(slotted angle rack) | 3 | 12000 |
| ബഞ്ച് | 3 | ബഞ്ച്(wooden) | 3 | 18000 |
| മേശ | 1 | മേശ(clinical examination table) | 1 | 7288.5 |
| | | Foot steps(examination table) | 1 | 846.5 |

ഇതുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1. മേൽ സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ചത് ഏതടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

2.clinical examination table പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

3.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയില്ല.
4.വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ആവശ്യങ്ങൾക്കുള്ള സാധനങ്ങളാണ് വാങ്ങിയത്

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 30/17-18 തീയതി 28.11.18 ന് മറുപടി ഒരാഴ്ചക്കകം ലഭ്യമാക്കുമെന്ന് രേഖാമൂലം അറിയിച്ചെങ്കിലും മറുപടി ഹാജരാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ 1,58,059/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-14** ക്യാൻസർ സർവേയും ക്യാൻസർ ക്യാമ്പ് സംഘടിപ്പിക്കൽ രേഖകളുടെ അഭാവത്തിൽ **63,025** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽഓഫീസർ, പിഎച്ച് സി

പ്രോജക്ട്- 40/18,ക്യാൻസർ സർവേയും ക്യാൻസർ ക്യാമ്പ് സംഘടിപ്പിക്കൽ

അടങ്കൽ- 85,000രൂപ( വികസനഫണ്ട്)

ബിൽ നമ്പർ- 17190152013001294929/dt. 25.3.18 Rs. 40,000/- ഇ സി ജി മെഷീൻ

ബിൽ നമ്പർ- 17190152013001185082/dt. 15.3.18 Rs. 23025/-,മറ്റു ചെലവുകൾ

ചിറക്കൽ ഗ്രാമപഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും സർവേ വഴി ലഭിക്കുന്ന ഫോറം ഉപയോഗിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നു. ഇങ്ങനെ കണ്ടെത്തിയ വ്യക്തികൾക്ക് മെഡിക്കൽ ക്യാമ്പിൽ നിന്നും വിശദപരിശോധന നടത്തി രോഗനിർണയം നടത്താനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.

മലബാർ ക്യാൻസർ സെന്ററിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം ഉപയോഗപ്പെടുത്തി ക്യാൻസർ ക്യാമ്പും, ഫോറം ഉപയോഗിച്ച് സർവ്വേയും നടത്തിയിട്ടുണ്ട്.

ക്യാമ്പിലേക്ക് ലിങ്ക് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ECG മെഷീൻ വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തുന്നതിനായി ഇ സി ജി മെഷീന്റെ ആവശ്യമെന്തെന്ന് വ്യക്തമാക്കേണ്ടതാണെന്നും അതോടൊപ്പം ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങിയ എൻ എ സി പരിശോധനക്കായി ഹാജരാക്കേണ്ടതാണ് എന്നും കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/17-18 തീയതി 26.11.18) മറുപടി ലഭ്യമാക്കിയില്ല.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനക്കായി ഹാജരാക്കിയില്ല.മേൽകാരണങ്ങളാൽ 63,025 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 വയോജന പരിരക്ഷ -രേഖകൾ ഹാജരാക്കിയില്ല- 2,48,927 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പിഎച്ച് സി

പ്രോജക്ട്- 49/18,വയോജന പരിരക്ഷ

അടങ്കൽ- 2,56,000( വികസനഫണ്ട്)

1.ബിൽ നമ്പർ- 17190152013000735990/dt. 28.11.17 Rs. 21,940/-

2.ബിൽ നമ്പർ- 17190152013001117442/dt. 6.3.18 Rs. 2,26,987/-

ചിറക്കൽ ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. പരസഹായമില്ലാതെ അവരവരുടെ കാര്യങ്ങൾ ചെയ്യാൻ വയോജനങ്ങളെ പ്രാപ്തരാക്കുന്നു.അതിന്റെ ഭാഗമായി കേൾവിക്കുറവുള്ളവരെ കണ്ടെത്താൻ മെഡിക്കൽ പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൃത്ഥ്വി ഹിയറിംഗ് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർ-238/17.3.18) വിവിധ മോഡലുകളിലുള്ള 45 ശ്രവണസഹായികൾ വാങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.ആയത് ഹാജരാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം

നമ്പർ- 30/17-18,26.11.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1.പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ശ്രവണസഹായി ആവശ്യമുള്ളവരുടെ വിശദാംശങ്ങൾ,പരിശോധനാ റിപ്പോർട്ട്

2. ഗുണഭോക്താക്കൾ ശ്രവണസഹായി കൈപ്പറ്റിയതിന്റെ രേഖകൾ

3. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്

4. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്

മേൽ രേഖകളുടെ അഭാവത്തിൽ 2,48,927 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## **3-16** ജീവിതശൈലീരോഗനിയന്ത്രണ പരിപാടി- വിവിധ അപാകങ്ങൾ- **6,39,640** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,പിഎച്ച്സി

പ്രോജക്ട്- 53/18(ജീവിതശൈലീരോഗനിയന്ത്രണ പരിപാടി)

അടങ്കൽ- 5,10,000(വികസന ഫണ്ട്)

ചെക്ക് നമ്പർ-2492155/13-11-17 Rs.15127

ചെക്ക് നമ്പർ-829355/5-10-17 Rs.31484

ചെക്ക് നമ്പർ-2530244/31-3-18 Rs.95858

ചെക്ക് നമ്പർ-2530224/17-3-18 Rs.50234

ബിൽ നമ്പർ- 1719015201430010O3074/dt. 12.12.18 Rs. 3389/-

ബിൽ നമ്പർ- 171901520143001181638/dt. 15.3.18 Rs. 119150/-

ബിൽ നമ്പർ- 171901520143001206243/dt. 17.3.18 Rs. 6398/-

ബിൽ നമ്പർ- 171901520143001294924/dt. 25.3.18 Rs. 3,18,000/-

ആകെ ചെലവ്- 6,39,640

ജീവിതശൈലീരോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി ഹൃദ്രോഗ സാധ്യതയുള്ളവരെ കണ്ടത്തി വിദഗ്ദ മെഡിക്കൽ ചെക്കപ്പിന് വിധേയമാക്കുകയും ആവശ്യമുള്ളവർക്ക് വിവിധ ടെസ്റ്റുകൾ നടത്തുകയും,മരുന്നുകളും , സർജിക്കൽ ഉപകരണങ്ങളും,ലായനികളും മേൽ പ്രതിപാദിച്ച ചെക്കുകളും ബില്ലുകളും പ്രകാരം വാങ്ങുകയുമുണ്ടായി. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1.2017-18 വർഷത്തെ പദ്ധതി രൂപീകരണ മാർഗരേഖപ്രകാരം ജീവിതശൈലീരോഗ പ്രതിരോധ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നത്.എന്നാൽ ഇവിടെ ജീവിതശൈലീരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയത് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയാണ്

2.വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകളും, സർജിക്കൽ ലായനികളും വാങ്ങുന്നതിന് മുമ്പ് ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നും Non Availability Certificate ലഭ്യമാക്കിയിട്ടില്ല

3. വിവിധടെസ്റ്റുകൾ( എക്കോടെസ്റ്റ്, ട്രെഡ്മിൽ ടെസ്റ്റ് ) എന്നിവ സർക്കാർ സംവിധാനത്തിൽ ലഭ്യമാണെന്നിരിക്കെ സ്വകാര്യ ആശുപത്രിയിൽ വച്ച് (കണ്ണൂർ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി,) ടെസ്റ്റുകൾ നടത്തിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.എക്സിറ്റ് മീറ്റിംഗിൽ സമീപത്തുള്ള സർക്കാർ ആശുപത്രികളിൽ ഈ സൗകര്യം ലഭ്യമല്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖാമൂലം മറുപടി നല്കിയിട്ടില്ല.

4.സ്വകാര്യ വ്യക്തികൾ മുഖേന നടപ്പിലാക്കുമ്പോൾ മത്സരാധിഷ്ഠിത ടെണ്ടർ വിളിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ- 35/17-18 തീയതി 28.11.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽകാരണങ്ങളാൽ 6,39,640/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-17 ഗുണഭോക്തൃസമിതി വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നില്ല- 9,57,485രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ പ്രസ്തുത പദ്ധതികൾക്കുവേണ്ടി സാധനസാമഗ്രികൾ വാങ്ങിയതിന്റെ രേഖകളും കൂലി ചെലവു വൗച്ചറുകളും(മസ്റ്റർ റോൾ) കൺവീനർമാരിൽ നിന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വാങ്ങി സൂക്ഷിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി രൂപീകരിച്ചതല്ലാതെ വരവുചെലവുകണക്കുകൾ അംഗീകരിച്ചതിന്റെ രേഖകളും ബാങ്ക് പാസ് ബുക്കും ഹാജരാക്കിയിട്ടില്ല.

1. പ്രോജക്ട്. 191/18
അടങ്കൽ 3,00,000രൂപ

ഏരുമ്മൽ വയൽ റോഡ് കുന്നുമ്പ്രം റംലയുടെ വീട് വരെ ഓവുചാൽ ഫുട്പാത്ത്
കൺവീനർ-ഫൈസൽഎ,

Agt.No.AE/CKL/72/17 dt.28.3.17

Mbook No. 45/17,48/17

ബിൽ നമ്പർ- 171901520171004157l7 dt.26.8.17 Rs. 3,00,000

ചെക്ക് നമ്പർ- 6824463/25.9.17 Rs. 1,83,949

ആകെ ചെലവ്- 4,83,949/-

2.പ്രോജക്ട്- 162/18

അരയമ്പേത്ത്കോളനി കിണർ പുനർനിർമാണം
അടങ്കൽ 740000(450000- വികസന ഫണ്ട് ,എസ് സി പി-290000, തനത് ഫണ്ട്)

കൺവീനർ-ശ്രീധരൻ എ എം

Agt No. AE/CKL/69/(A)17 dt. 28.3.17

Mbook No. 36/17,85/17

ബിൽ നമ്പർ- 17190152017100190851 dt.25.6.17 Rs. 1,32,328/-

ബിൽ നമ്പർ- 17190152017101137130dt. 9.3.18 Rs. 3,17,672/-

ചെക്ക് നമ്പർ- 527473/5.3.18 Rs.23536/-

ആകെ ചെലവ്- 4,73,536

ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 34/17-18 തീയതി 28.11.18 ന് നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണ് എന്ന് പറഞ്ഞെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ 9,57,485 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-18 കൺവീനർമാർക്ക് അധികതുക അനുവദിച്ചു.53,423 രൂപയുടെ ചെലവ് നിരാകരിക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഡാറ്റയിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നികുതികൾ ഒടുക്കേണ്ടത് ഗുണഭോക്തൃസമിതികളുടെ ബാധ്യതയാണ് എന്നിരിക്കെ ആകെ പ്രവൃത്തി മൂല്യത്തോട് ടാക്സ് പ്രൊവിഷനായി 6% കൂടി കൂട്ടി കൺവീനർമാർക്ക് തുക അനുവദിച്ചത് ശരിയല്ല.ടാക്സ് പ്രൊവിഷൻ ഉൾപ്പെടുത്താതെ ഓവർ ഹെഡ് ചാർജ്ജിൽ നിന്നുതന്നെ എല്ലാനികുതികളും കുറവു ചെയ്യേണ്ടതാണ്. ടാക്സ് പ്രൊവിഷൻ ഉൾപ്പെടുത്തിയതുകാരണം കൺവീനർമാർക്ക് അധികതുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കൺവീനർ | എം ബുക്ക് | ആകെ പ്രവൃത്തി മൂല്യം | 6%ടാക്സ് പ്രൊവിഷൻ | ബിൽ നമ്പർ, ചെക്ക് നമ്പർ | അധികം നല്കിയത് |
|---|---|---|---|---|---|---|---|
| 1 | 163/18, ആർപ്പാംതോട് മണ്ട്യൻ മുകുന്ദൻ വീട് -പുത്തൻ പുരയിൽ ജയൻ വീട് ഫുട്പാത്ത് അടങ്കൽ(2017-18)-4,18,117 (418000- | സുനിൽ ടി | 13/17 | 4,35,739 | 26,144 | ബിൽ നമ്പർ 24/06/17 Rs. 4,18,000+ Rs43883 (2016-17 ലെ ചെലവ്) ആകെ 461883/- | 463883-4,35,739 = 26144 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സംരക്ഷണഗ്രാന്റ് റോഡ്, 117 തനത് ഫണ്ട്) | | | | | | |
| 2 | 138/18 അലീഫ് മാർബിൾ നീരൊഴുക്കും ചാൽ തോട് സംരക്ഷണം അടങ്കൽ(2017-18)-274185യ-(58522-വികസന ഫണ്ട്, 196449-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 19214- തനത് ഫണ്ട്) | രാജീവൻ എ പി | 2/17 | 2,60,175 | 15,611 | 18/17-18,27.6.17 Rs. 1,96,449 5/17-18dt.27.6.17 Rs. 58,222/- 20815/- (2016-17 ലെ ചെലവ്) ആകെ 2,75,486/- | 275486-260175 = 15311/- |
| 3 | 180/18 പള്ളിച്ചാൽ ഫുട്പാത്ത് ബാക്കിഭാഗം പൂർത്തീകരണം അടങ്കൽ(2017-18)-100000(30000-തനത് ഫണ്ട്, 70000-സംരക്ഷണ ഗ്രാന്റ് - റോഡ്) | ശ്രീധരൻ എ എം | ലഭ്യമല്ല | 80302 | 4818 | 41/17-18dt.22.7.17 Rs. 70,000 ചെക്ക് നമ്പർ-4903705/4.8.17 Rs.15120 | 85120-80302 =4818/- |
| 4 | 179/18 അംഗനവാടി പനങ്കാവ് കുളം - റോഡ് റീ ടാറിംഗ് അടങ്കൽ(2017-18)-135000(125000-സംരക്ഷണഗ്രാന്റ് - റോഡ്, 10000-തനത് ഫണ്ട്) | .ടി ദാസൻ | 54/17 | 119164 | 7150 | 40/17-18dt.22.7.17 Rs. 1,25,000 ചെക്ക് നമ്പർ-4903708/7.8.17 1314/- ആകെ:126314 | 126314-119164 =7150 |
| | ആകെ അധികം നൽകിയത് | | | | | | 53423/- |

മേൽകാരണങ്ങളാൽ 53,423 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മേൽ പദ്ധതികളുടെ ചെലവുകളിൽ, 2016-17 സാമ്പത്തിക വർഷത്തെ സുലേഖ ചെലവു പത്രിക പ്രകാരം വന്ന തനത് ഫണ്ട് ചെലവുകളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഫയലുകളിലോ ഗുണഭോക്തൃസമിതിയുടെ ചെലവു പത്രികയിലോ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ ചെലവ് ഫയലിൽ രേഖപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 34/28.11.18 ന് മറുപടിയിൽ അധികം നല്കിയ തുക തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-19 അംഗനവാടികളിൽ ശിശു സൗഹൃദ പെയിന്റിംഗ് - പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി നടപ്പാക്കി

പ്രോജക്ട് നമ്പർ 243/17,259/18

അടങ്കൽ 160000രൂപ(11681-തനത് ഫണ്ട് 148319-സംരക്ഷണ ഗ്രാന്റ് - റോഡിതരം)

ചെലവ്

ബിൽ നമ്പർ 16/08.02.18 140820രൂപ

ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല 11681 രൂപ

നാല് അംഗണവാടികളിൽ വൈറ്റ് വാഷിംഗും പെയിന്റിംഗും ശിശു സൌഹൃദ പെയിന്റിംഗുമാണ് പ്രസ്തുത പദ്ധതി വഴി നടപ്പാക്കിയത്. പ്രോജക്ടിൽ ഏതൊക്കെ അംഗനവാടികളിലാണ് പദ്ധതി നടപ്പാക്കേണ്ടതെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അംഗനവാടി പെയിന്റിംഗ് (മെയ് ന്റനൻസ് വർക്ക്) പ്രോജക്ട് നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നില്ല.

അംഗനവാടി വെൽഫെയർ കമ്മറ്റി വഴിയാണ് പദ്ധതി നിർവ്വഹണം നടത്തിയത്.

1.ഗുണഭോക്തൃസമിതി വഴി നടത്താൻ അനുവദിച്ച് കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമല്ല. കമ്മറ്റിയുടെ മിനുട്സ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

2. മെയ് ന്റനൻസ് വർക്ക് ഇതിന്റെ ഭാഗമായി നടത്താനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല

3.അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നടത്തിയത് ശരിയല്ല.

4.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

## 3-20 അംഗണവാടി പോഷകാഹാര വിതരണ പരിപാടി -അപാകങ്ങൾ

പ്രോജക്ട് നമ്പർ 8/18

നിർവ്വഹണ ഉദ്യോഗസ്ഥ ഐസിഡിഎസ് സൂപ്പർ വൈസർ

അടങ്കൽ 43,00,000(3000000-വികസന ഫണ്ട്, 800000-കേന്ദ്രവിഹിതം, 150000തനത് ഫണ്ട്)

ചെലവ്

| ബിൽ നമ്പർ തീയതി | തുക |
|---|---|
| 1/17-18 31.08.17 | 1155031 |
| 2/17-18 11.09.17 | 122006 |
| 3/17-18 12.10.17 | 118243 |
| 4/17-18 12.10.17 | 18011 |
| 8/17-18 31.10.17 | 534482 |
| 9/17-18 31.10.17 | 23675 |
| 11/17-18 13.12.17 | 147338 |
| 13/17-18 12.01.18 | 24576 |
| 14/17-18 08.02.18 | 657929 |
| 17/17-18 28.02.18 | 119368 |
| 18/17-18 28.02.18 | 36495 |

| | |
|---|---|
| | |
| 25/17-18 24.03.18 | 32185 |
| 29/17-18 24.03.18 | 10661 |
| | 30,00,000രൂപ |
| ചെക്ക് നമ്പർ 2530233/26.03.18 | 8,07,005/- |
| ആകെ | 38,07,005രൂപ |

ഗ്രാമപഞ്ചായത്ത് പരിധിയിലെ 43 അംഗനവാടികൾക്ക് പോഷകാഹാര വിതരണം നടത്തുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. താഴെ പറയുന്ന വിഭാഗങ്ങളാണ് ഗുണഭോക്താക്കൾ

| | പ്രോജക്ട് പ്രകാരം | നല്കിയത് |
|---|---|---|
| 6മാസം മുതൽ 3 വയസ്സു വരെ | 525 | 490 |
| 3 വയസ്സു മുതൽ 6 വയസ്സു വരെ | 400 | 656 |
| മുലയൂട്ടുന്ന അമ്മമാർ | 215 | 255 |
| ഗർഭിണികൾ | 215 | 317 |
| കൌമാരക്കാരായ പെൺകുട്ടികൾ | 215 | 221 |

1.ഭക്ഷ്യവസ്തുക്കളുടെ ആവശ്യകത സംബന്ധിച്ച ശാസ്ത്രീയമായ വിവരങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

റവ, ചെറുപയർ, വൻപയർ, നിലക്കടല, വെളിച്ചെണ്ണ, ഉഴുന്ന്, ശർക്കര,എള്ളുണ്ട, അവിൽ, പച്ചക്കറികൾ തുടങ്ങിയവയാണ് ജനറൽ ഫീഡിംഗിനായി വാങ്ങിയിട്ടുള്ളത്. ഐസിഡിഎസ്

മാനദണ്ഡപ്രകാരമുള്ള പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിന് ഇവ ഓരോ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്കും ഏത് അളവിലാണ് നല്കേണ്ടത് (കാലറി കണക്ക് പ്രകാരം ആവശ്യമായത്) എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ പ്രോജക്ടിൽ ഇല്ല. ഹാജരാക്കിയ ഹാജർ സ്റ്റേറ്റ് മെന്റ് സംക്ഷിപ്തം ,സ്റ്റോക്ക് രജിസ്റ്റർ ഇവ പരിശോധിച്ചതിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള വ്യതിയാനം ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിൽ വന്നതായി കാണുന്നില്ല.

വാർഡ് തല പോഷകാഹാര കമ്മറ്റി 2/2018 മുതൽ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ശരിയായ രീതിയിലുള്ള വിനിയോഗം സംബന്ധിച്ച നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ക്ഷേമസമിതിയിലും പോഷകാഹാരകമ്മറ്റിയിലും ഉണ്ടാകേണ്ടതുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ വിനിയോഗമാണെന്ന് വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മോണിറ്ററിംഗ് സമിതിയും ഉറപ്പു വരുത്തണം.

2.ഭക്ഷ്യവസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ-കരാറുകാരെ നിശ്ചയിച്ചതിൽ അവ്യക്തത-70768രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

വൗച്ചർ നമ്പർ 2/17-18 11.09.17 122006 രൂപയിൽ 9500രൂപ ,ശ്രീ എ വി മുസ്തഫ
ചെക്ക് നമ്പർ 2530242/27.03.18 192636രൂപയിൽ 22600രൂപ
ബിൽ നമ്പർ 1/17-18 31.08.17 1155031രൂപയിൽ 12400രൂപ
ബിൽ നമ്പർ 8/17-18 31.10.17 534482രൂപയിൽ 14480രൂപ
ബിൽ നമ്പർ 11/17-18 13.12.17 147338 രൂപയിൽ 2480രൂപ
ബിൽ നമ്പർ 14/17-18 08.02.18 657929 രൂപയിൽ 6828രൂപ
ചെക്ക് നമ്പർ 2530233/26.03.18 807005രൂപയിൽ 2480രൂപ
ആകെ 70768രൂപ

ഭക്ഷ്യവസ്തുക്കളും ന്യൂട്രിമിക്സും വിവിധ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടറെ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2015-16 ൽ അംഗീകരിച്ചതു പ്രകാരം തന്നെയാണ് നിലവിലും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അനുവദിക്കുന്നതെന്ന് അറിയിക്കുകയുണ്ടായി. ആയത് ശരിയായ നടപടിയല്ല. ന്യൂട്രിമിക്സ് വിതരണത്തിനായി ബന്ധപ്പെട്ട സ്ഥാപനത്തെത്തന്നെ ഏൽപ്പിച്ചതിനും ഭരണസമിതി തീരുമാനത്തിന്റെ പിൻബലമില്ല. ട്രാൻസ്പോർട്ടേഷനായി ചെലവഴിച്ച 70768രൂപ തടസത്തിൽ വെക്കുന്നു

3.ന്യൂട്രിമിക്സ് വിതരണം- അളവിൽ അവ്യക്തത

ഒരു കുട്ടിക്ക് (6മാസം മുതൽ 3വയസ്സുവരെ ) 3.375കിഗ്രാം വീതം പ്രതിമാസം ന്യൂട്രിമിക്സ് വിതരണം നടത്തുന്നതായാണ് സൂപ്പർവൈസർ അറിയിച്ചത്. 500ഗ്രാം പാക്കറ്റിൽ വരുന്ന സാധനം ഈ രീതിയിൽ വിതരണം ചെയ്യാൻ കഴിയില്ല. ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ 3.375കി ഗ്രാം ലഭിക്കുന്ന രീതിയിൽ പാക്കിംഗ് അഡ്ജസ്റ്റ് ചെയ്യുന്നുണ്ടെന്നാണ് സൂപ്പർവൈസർ അറിയിച്ചത്. 500ഗ്രാം ആണ് ന്യൂട്രിമിക്സ് പാക്കറ്റിന്റെ സ്റ്റാൻഡേർഡ് വെയ്റ്റ് എന്നിരിക്കെ പാക്കിംഗിൽ മാറ്റം വരുത്തുന്നത് പാക്കേജിംഗ് അനുമതി സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

6.വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മോണിറ്ററിംഗ് സമിതി പദ്ധതി പ്രവർത്തനം വിലയിരുത്തി

തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് , മോണിറ്ററിംഗ് കമ്മറ്റി മിനുട്സ്, പൂർത്തീകരണ പത്രം ഇവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതും ഭക്ഷ്യവസ്തുക്കൾ ദുരുപയോഗം ചെയ്യുകയോ പാഴാക്കുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- ഭരണസമിതി ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കാത്തതും മറ്റ് അപാകങ്ങളും-1767175 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു,3500രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ 34/18
നിർവ്വഹണ ഉദ്യോഗസ്ഥ ഐ സിഡിഎസ് സൂപ്പർ വൈസർ

അടങ്കൽ 23,60,900(1180450-വികസന ഫണ്ട്, 5,90,225-ബ്ലോക്ക് വിഹിതം5,90,225-ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ്

| ബിൽ നമ്പർ തീയതി | തുക |
|---|---|
| 12/17-18 12.01.18 | 252000 |
| 15/17-18 08.02.18 | 112170 |
| 21/17-18 28.02.18 | 126000 |
| 22/17-18 28.02.18 | 58000 |
| 23/17-18 28.02.18 | 22880 |
| 3217-18 24.03.18 | 598024 |
| 33/17-18 24.03.18 | 11376 |
| | 1180450രൂപ |
| ചെക്ക് നമ്പർ 2946325/4.03.18 | 590225രൂപ |
| ആകെ | 1770675/- |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 131 പേർക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി

തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി 100 പേർക്കാണ് ആനുകൂല്യം നല്കിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.സഉ(എംഎസ്) 80/17 /തസ്വഭവ തീയതി 03.04.17 ഖണ്ഡിക 20-2-A(2)മുതൽ 20-2-A(7) വരെയുള്ള വ്യവസ്ഥകൾ പ്രകാരം അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണമെന്നും അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിച്ച് മിനുട്സിൽ തീരുമാനം രേഖപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്താതെ വേണം ഭരണ സമിതി ലിസ്റ്റിന് അംഗീകാരം നല്കാൻ.എന്നാൽ സ്കോളർഷിപ്പ് നല്കുന്നതിനായി ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഭരണസമിതി അംഗീകാരമില്ലാത്ത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നല്കിയത് ഗുരുതരമായ വീഴ്ച്ചയാണ്.

2.സഉ(എംഎസ്) 80/17 /തസ്വഭവ തീയതി 03.04.17 ഖണ്ഡിക 10.4 കുറിപ്പ് 5 പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമസഭയിൽ വായിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്

3.ശ്രീപദ് പ്രകാശ് എന്ന വിദ്യാർത്ഥി ബി ടെക്ക് ബിരുദ കോഴ്സിനാണ് പഠിക്കുന്നത്. ടിയാന് വൊക്കേഷണൽ ട്രെയിനിംഗ് ഗുണഭോക്താവിന്റെ നിരക്കിലാണ് ആനുകൂല്യം നല്കിയത്.ഈ രീതിയിൽ പരിഗണിച്ചതിന് വ്യക്തമായ വിശദീകരണം നല്കിയിട്ടില്ല. ബി ടെക്ക് ബിരുദം വൊക്കേഷണൽ ട്രെയിനിംഗ് വിഭാഗത്തിൽ പെടുത്താവുന്നതല്ലെന്നിരിക്കെ പ്രസ്തുത വിദ്യാർത്ഥിക്ക് അധികമായി അനുവദിച്ച 3500രൂപ(19500-16000) തിരിച്ചു പിടിക്കേണ്ടതാണ്.വിശദവിവരം ചുവടെ ചേർക്കുന്നു

| അനുവദിച്ചത് | അനുവദിക്കാവുന്നത് (ബിരുദ കോഴ്സിനുള്ളത്) | അധികം നല്കിയത് |
|---|---|---|
| 1500*12+1500=19500 | 1250*12+1000=16000 | 3500രൂപ |

അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതാണ്(സഉ(എം എസ്) 80/2017/തസ്വഭവ തീയതി 03.04.17 ഖ 10.3(എ)കാണുക)
4.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

മേൽ അപാകങ്ങൾ കാരണം പദ്ധതിക്കു വേണ്ടി ചെലവഴിച്ചതിൽ നിരാകരിച്ച 3500രൂപ കഴിച്ചുള്ള 1767175രൂപ തടസത്തിൽ വെക്കുന്നു

## 3-22 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടില്ല-217500രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ട്:വയോജനങ്ങൾക്ക് കട്ടിൽ , പ്രൊജക്റ്റ് നം - 279/2018
നിർവ്വഹണ ഉദ്യോഗസ്ഥ ഐ സിഡിഎസ് സൂപ്പർ വൈസർ

അടങ്കൽ 217500(106500- വികസന ഫണ്ട്, 111000-തനത് ഫണ്ട്)

ചെലവ്

(ബിൽ നമ്പർ 35/24.03.18 106500 രൂപ

ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല 111000രൂപ )

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു

1. ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ 26/12/17 ലെ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചത് എന്നാണ് രേഖപ്പെടുത്തിയത്.എന്നാൽ പ്രസ്തുത തീയതിയിലെ സകർമ്മ പ്രകാരമുള്ള ഭരണസമിതി മിനുട്സിൽ ഇത്തരമൊരു ലിസ്റ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഭരണസമിതി അംഗീകരിക്കാത്ത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നല്കിയത് ഗുരുതരമായ അപാകമാണ്

2. അസിസ്റ്റന്റ് സെക്രട്ടറി എസ് സി വിഭാഗത്തിൽ പെട്ടവർക്കായി നടപ്പിലാക്കിയ സമാന പദ്ധതിയിൽ കട്ടിൽ വാങ്ങിയത് 3650രൂപ നിരക്കിലാണ്. ജനറൽ വിഭാഗത്തിന് 4350രൂപ നിരക്കിലുള്ള അനു ഏജൻസീസ് , ചെക്കിക്കുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിലൂടെ കൂടിയ നിരക്കിലാണ് കട്ടിൽ വാങ്ങിയത്.

3വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മോണിറ്ററിംഗ് കമ്മറ്റി പ്രസ്തുത പദ്ധതി വിലയിരുത്തിയതുമായി ബന്ധപ്പെട്ട രേഖകളും പദ്ധതിയുടെ പൂർത്തീകരണ പത്രവും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

മേൽക്കാരണങ്ങളാൽ 217500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

## 3-23 അംഗണവാടികളിൽ കുടിവെള്ള കണക്ഷൻ- വിനിയോഗ രേഖകൾ ഹാജരാക്കാത്തത്

പ്രോജക്ട്:അംഗണവാടികളിൽ കുടിവെള്ള കണക്ഷൻ , പ്രൊജക്റ്റ് നം - 239/2018
നിർവ്വഹണ ഉദ്യോഗസ്ഥ ഐ സിഡിഎസ് സൂപ്പർ വൈസർ

അടങ്കൽ 174000(100000-,സംരക്ഷണഗ്രാന്റ് - റോഡിതരം,74000 -വികസന ഫണ്ട്)

ചെലവ് 1,74,000 രൂപ (വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്)

(ബിൽ നമ്പർ 37/26.03.18 100000 രൂപ

38/26.03.18 74000രൂപ )

പത്ത് അംഗണവാടികൾക്ക് കുടിവെള്ള കണക്ഷൻ നല്കുന്നതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 174000രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (ഇതിൽ 18865രൂപ സെന്റേജ് ചാർജ്ജും 4212രൂപ പ്രൈസ് എക്സ്കലേഷനുള്ള

പ്രൊവിഷനമാണ്.)

ഓഡിറ്റ് വർഷം പദ്ധതി പൂർത്തിയാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല. നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മൂല്യനിർണ്ണയ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

മുൻകൂറായി തുക കൈമാറുമ്പോൾ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഏതൊക്കെ അംഗണവാടികൾക്ക് കുടിവെള്ള കണക്ഷൻ നല്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തതെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. പദ്ധതി തയ്യാറാക്കുമ്പോൾ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്

## 3-24 വെറ്റിനറി ഹോസ്പിറ്റലിൽ സോളാർപവർ പ്ലാന്റ് സ്ഥാപിക്കൽ-അപാകങ്ങൾ-331352രൂപ തടസത്തിൽ വെക്കുന്നു

പ്രോജക്ട്: വെറ്റിനറി ഹോസ്പിറ്റലിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ, പ്രോജക്ട് നമ്പർ 243/18
നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജൻ

അടങ്കൽ 394890രൂപ ( വികസന ഫണ്ട് -ജനറൽ)

ചെലവ്

| ബിൽനമ്പർ | തുക |
|---|---|
| 7/17-18, 26.02.18 | 3000 |
| 17/17-18,22.03.18 | 328352 |
| ആകെ | 331352രൂപ |

വെറ്റിനറി ഹോസ്പിറ്റലിൽ അനർട്ട് വഴി ലിമിറ്റഡ് ടെണ്ടർ മുഖേന 4Kw ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. അനർട്ടിന്റെ റിപ്പോർട്ടു പ്രകാരം ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ സബ്സിഡിക്ക് അർഹതയുണ്ട്. 4kwസോളാർ പ്ലാന്റിന് അനർട്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് 340000രൂപയുടേതാണ്. അനർട്ടിൽ അപേക്ഷ രജിസ്റ്റർ ചെയ്ത തീയതി 06.04.2018.സബ്സിഡി തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്

1. റെയ്ഡ്കോവിൽ നിന്നുള്ള സിംഗിൾ ടെണ്ടർ അംഗീകരിച്ചത് ശരിയല്ല. റീ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ അനർട്ട് മുഖേന ചെയ്യുകയോ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല

2. അനർട്ടിന്റെ ഓൺഗ്രിഡ് പ്രോഗ്രാമുകളുടെ കപ്പാസിറ്റി വൈസ് എം പാനൽഡ് ഏജൻസികളുടെ ലിസ്റ്റ് പ്രകാരം 3kw സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് റെയ്ഡ്കോവിനെ ഉൾപ്പെടുത്തിയത്. 4kw പവർപ്ലാന്റ് സ്ഥാപിക്കാൻ റെയ്ഡ്കോവിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല

3.പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് റെഡ്കോവിന് മുഴുവൻ തുകയും അനുവദിച്ചത് ശരിയല്ല. ജി

ഒ(പി)177/2006/ഫിൻ തീയതി 12.04.2006 ഉത്തരവിൽ മുൻകൂർ നല്കാവുന്ന സ്ഥാപനങ്ങളിൽ റെയ്ഡ്കോ ഉൾപ്പെടുന്നില്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരവും മുൻകൂർ നല്കാവുന്ന ഇനങ്ങളിൽ ആയത് ഉൾപ്പെടുന്നില്ല

4.KSEB ക്ക് 1000രൂപയും അനർട്ടിന് 2000രൂപയും നല്കിയതിന്റെ കൈപ്പറ്റ് രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. തുക നല്കിയതിന്റെ ഉദ്ദേശ്യവും വ്യക്തമാക്കിയിട്ടില്ല

7.പദ്ധതി ഓഡിറ്റ് തീയതി വരെയും പൂർത്തിയാക്കിയിട്ടില്ല

8.മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

9.പദ്ധതി നിർദ്ദേശം ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് തീരുമാനം എടുത്തതായി രേഖപ്പെടുത്തലുകളില്ല
മേൽ കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 3,31,352രൂപ തടസത്തിൽ വെക്കുന്നു

## 3-25 അംഗണവാടി പ്രവർത്തകർക്ക് അധിക ഹോണറേറിയം-സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് നിർവ്വഹണം നടത്തിയതും മറ്റ് അപാകങ്ങളും -1732604രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 10/18
നിർവ്വഹണ ഉദ്യോഗസ്ഥ ഐ സിഡിഎസ് സൂപ്പർ വൈസർ

അടങ്കൽ 1951992(1809400-വികസന ഫണ്ട്, 142592-തനത് ഫണ്ട്)

ചെലവ്

| ബിൽ നമ്പർ തീയതി | തുക |
|---|---|
| 5/17-18 12.10.17 | 435600 |
| 6/17-18 27.10.17 | 131475 |
| 7/17-18 31.10.17 | 196780 |
| 10/17-18 13.12.17 | 109314 |
| 19/17-18 28.02.18 | 444867 |
| 2017-18 28.02.18 | 275918 |
| 24/17-18 28.02.18 | 25457 |
| 36/17-18 24.03.18 | 36809 |

| | |
|---|---|
| | 1656220രൂപ |
| ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 76384രൂപ |
| ആകെ | 17,32,604/- |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 43 അംഗണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കുംസഉ(സാധാ)636/16 /തസ്വഭവ 16.02.16 പ്രകാരം വർധിപ്പിച്ച ഹോണറേറിയത്തിന്റെ ആനുപാതിക തുക നല്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. പ്രസ്തുത ഉത്തരവിൽ ഇതിനായി തനതു ഫണ്ടോ തനത് ഫണ്ട് ലഭ്യമല്ലെന്ന ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സംഗതിയിൽ വികസന ഫണ്ടിൽ നിന്നും നല്കാമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. സഉ (സാധാ) 36/2018/സാനീവ തീയതി 25.01.18 , ICDS/B6/6286/17/സാനീവ 03/02/18 , ICDS-B6-6286/17 05.03.18ഉത്തരവുകളിൽ അംഗണവാടി തൊഴിലാളികളുടേയും സഹായികളുടേയും ഓണറേറിയം 01/04/17 പ്രാബല്യത്തിൽ യഥാക്രമം 9000രൂപയും 6000രൂപയും മാറി നല്കാനും അവശേഷിക്കുന്ന 1000രൂപ വീതമുള്ള തുക തദ്ദേശ സ്വയം ഭരണ വിഹിതമായി നല്കാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനു വിരുദ്ധമായി വർക്കർക്ക് 2200രൂപ വീതവും ഹെൽപ്പർക്ക് 1450രൂപ വീതവും നല്കിയത് ശരിയല്ല.

താല്ക്കാലികാടിസ്ഥാനത്തിൽ നിയമിതരായ വർക്കർമാരേയും ഹെൽപ്പർമാരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമാക്കപ്പെട്ടിട്ടില്ല. പ്രസ്തുത ജീവനക്കാരുടെ വേതന നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡവും വ്യക്തമല്ല. സ്ഥിരം ജീവനക്കാരുടെ അതേ നിരക്കിൽ ജോലി ചെയ്ത ദിവസങ്ങൾക്ക് ആനുപാതികമായാണ് അധിക വേതനം നല്കിയത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ , താല്ക്കാലിക ജീവനക്കാർ ഏതൊക്കെ മാസങ്ങളിൽ എത്ര ദിവസം വീതം ജോലി ചെയ്തിരുന്നു എന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(26/24.11.18) നല്കിയ മറുപടി തൃപ്തികരമല്ല.മേൽക്കാരണങ്ങളാൽ 1732604രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. വകുപ്പിൽ നിന്ന് നല്കിയ തുകയുൾപ്പെടെ വർക്കർമാർക്ക് പ്രതിമാസം 10000രൂപയിലും ഹെൽപ്പർമാർക്ക് 7000രൂപയിലും അധികരിച്ച തുക നല്കിയിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-26 കന്നുകുട്ടി പരിപാലനം- വനിത- സംസ്ഥാന സർക്കാർ വിഹിതം ഗ്രാമപഞ്ചായത്ത് വഹിച്ചതും മറ്റ് അപാകങ്ങളും

(പ്രോജക്ട് നമ്പർ 30/18)
നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജൻ

അടങ്കൽ 375000രൂപ(187500- വികസന ഫണ്ട് ജനറൽ, 187500-ഗുണഭോക്തൃവിഹിതം)

ചെലവ്

ബിൽ നമ്പർ 2/17-18,27.12.17 187500രൂപ

പദ്ധതി നടത്തിപ്പിനായി 15 ഗുണഭോക്താക്കൾക്ക വേണ്ടി 12500രൂപ വീതം 187500രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ , കണ്ണൂരിന് കൈമാറിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ലഭ്യമായിട്ടില്ലെങ്കിലാണ് ഒരു ഗുണഭോക്താവിന് 12500രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തേണ്ടത്. അല്ലാത്ത പക്ഷം ഒരു ഗുണഭോക്താവിന് 6250രൂപ സംസ്ഥാന സർക്കാരും 6250രൂപ ഗ്രാമപഞ്ചായത്തും 12500രൂപ ഗുണഭോക്താവുമാണ് വഹിക്കേണ്ടത്. സംസ്ഥാന സർക്കാർ വിഹിതം ലഭ്യമായിരുന്നില്ല എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്(തീറ്റയുടെ ഗുണനിലവാരം, ലഭ്യത, കന്നുകുട്ടികളുടെ വളർച്ചയും ആരോഗ്യസംരക്ഷണവും പ്രതിമാസ പരിശോധനയും തുടങ്ങിയ കാര്യങ്ങൾ വിലയിരുത്താനാണ് പദ്ധതി നിർദ്ദേശം), നാളിതു വരെയുള്ള പുരോഗതി റിപ്പോർട്ട് തുടങ്ങിയ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

രേഖകൾ ഹാജരാക്കേണ്ടതാണ്

## 3-27 പദ്ധതി ആസൂത്രണം - നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല

ഗ്രാമസഭാ നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പ് ചർച്ചകളോ ആസൂത്രണ സമിതി നിർദ്ദേശങ്ങളോ ഇല്ലാതെ തയ്യാറാക്കപ്പെടുന്ന പദ്ധതികളും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതായി ശ്രദ്ധയിൽ പെട്ടു.ഉദാഹരണമായി അംഗണവാടികളിൽ പായ , ബേബി ബെഡ്, ബെഡ്ഷീറ്റ് തുടങ്ങിയവ വാങ്ങുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഗ്രാമസഭകളിലോ വർക്കിംഗ് ഗ്രൂപ്പുകളിലോ വന്നിട്ടില്ല. അംഗനവാടികളുമായി ബന്ധപ്പെട്ട് വന്ന നിർദ്ദേശങ്ങൾ പാത്രങ്ങൾ , പ്രഷർകുക്കർ,ബെഞ്ച് തുടങ്ങിയവ വാങ്ങുന്നതിനുള്ളതായിരുന്നു.

പ്രോജക്ടുകളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്താതെ അടങ്കൽ നിശ്ചയിക്കപ്പെടുന്നതും അപാകമാണ്

ഉദാഹരണമായി പത്ത് അംഗണവാടികൾക്ക് കുടിവെള്ള കണക്ഷൻ നല്കുന്നതിനായി തയ്യാറാക്കപ്പെട്ട പ്രോജക്ടിൽ ഏതൊക്കെ അംഗണവാടികളിലേക്കാണ് എന്ന കാര്യം ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത വിവരം ഇല്ലാതെ എങ്ങനെയാണ് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പദ്ധതി അടങ്കൽ തയ്യാറാക്കിയതെന്നും വ്യക്തമല്ല

അംഗണവാടി ശിശു സൗഹൃദപെയിന്റിംഗ് എന്ന പദ്ധതിയിൽ അംഗണവാടികൾ മുഴുവനായി പെയിന്റ് ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി. ഗുണഭോക്തൃസമിതി വഴിയാണ് പദ്ധതി നടപ്പാക്കിയത്.എന്നാൽ ഈ രീതിയിൽ നിർവ്വഹണം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അനുമതി നല്കിയിട്ടില്ല

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടിക്രമങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

## 3-28 ഗ്രൂപ്പുകൾക്ക് ചെണ്ട -പദ്ധതി നടത്തിപ്പിലെ അപാകം- 5480രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം - 23/2018

പ്രൊജക്റ്റിന്റെ പേര് - ഗ്രൂപ്പുകൾക്ക് ചെണ്ട

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക – ₹1,61,737(വികസന ഫണ്ട്/SCP)+8,513(തനത് ഫണ്ട്)

ചെലവ് തുക – ₹1,61,737(വികസന ഫണ്ട്/SCP,ബിൽ നം - 9 /30.01.2018)+
8,513(തനത് ഫണ്ട്,ചെക്ക് നം 2492189/20.02.18 ചിറക്കൽ കോ. ഓപ്പറേറ്റീവ് ബാങ്ക്,519)
ആകെ 170250രൂപ

മേൽ പദ്ധതി പ്രകാരം 10 ചെണ്ട, 5 ഇലത്താളം, 20 ചെണ്ടക്കോൽ, 10 ചെണ്ട കവർ എന്നിവ ക്ലബ്ബ്/ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിക്കുകയും Asian Marketting,Malappuram എന്നിവരുടെ ടെൻഡർ അംഗീകരിക്കുകയും, മേൽ വാദ്യോപകരണങ്ങൾ വിതരണം ചെയ്ത വകയിൽ ₹1,70,250 രൂപ Asian Marketting,Malappuram എന്ന സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിരുന്നു.ഈ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ടെൻഡർ ക്ഷണിച്ച് ചെയ്ത പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും ക്വാട്ട് ചെയ്ത തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. Global Associates, Kannur– ₹ 1,64,770($L_1$)

2.Elite Electricals,Chakkarakkal – ₹1,68,500($L_2$)

3.Asian Marketting,Malappuram - ₹ 1,70,250($L_{3}$)

എന്നാൽ Asian Marketting,Malappuram എന്ന സ്ഥാപനം ക്വാട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്ത Global Associates, Kannur-₹1,64,770($L_1$),Elite Electricals,Chakkarakkal – ₹1,68,500($L_{2,}$) എന്നീ സ്ഥാപനങ്ങളുടെ ടെൻഡർ നിരസിക്കുകയും ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത Asian Marketting,Malappuram എന്ന സ്ഥാപനത്തിന് ടെൻഡർ അനുവദിക്കുകയും ചെയ്തു.

2.വാദ്യോപകരണങ്ങളുടെ സാമ്പിൾ പരിശോധിച്ചതിൻ പ്രകാരം Asian Marketting,Malappuram എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുന്നതിനും, ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നതിനും 06.11.17 ന് ചേർന്ന പർച്ചേസിങ്ങ് കമ്മറ്റി തീരുമാനിച്ചിരുന്നു.എന്നാൽ എന്ത് കാരണത്താലാണ് കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ ടെൻഡർ നിരസിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (ഓഡിറ്റ് അന്വേഷണം 31/27.11.18)മറുപടിയിൽ ഗുണമേന്മ കൂടുതലാണെന്ന പർച്ചേസ് കമ്മറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതെന്ന് അറിയിക്കുകയുണ്ടായി.എന്നാൽ ഗുണമേന്മ പരിശോധിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. കുറഞ്ഞ നിരക്ക് അംഗീകരിക്കാത്തതിലൂടെ വന്ന അധിക ചെലവായ 5480രൂപ(170250-164770) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഗുണനിലവാര

പരിശോധന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതുമാണ്

## 3-29 സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ -പദ്ധതി നടത്തിപ്പിലെ അപാകം- 29456രൂപ യുടെ ചെലവ് തടസത്തിൽ വെക്കുന്നു

പ്രൊജക്റ്റ് നം - 69/2018

പ്രൊജക്റ്റിന്റെ പേര് - സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക – ₹2,02,863(വികസന ഫണ്ട്/SCP)+1369(തനത് ഫണ്ട്)

ചെലവ് തുക – ₹2,02,863(വികസന ഫണ്ട്/SCP)+1369(തനത് ഫണ്ട്)

ബിൽ നം - 6/10.01.2018(₹1,45,880) +13/19.02.18(₹56,983)+
ചെക്ക് നം 037233/26.02.18 of SBT (₹1369)
ആകെ ₹2,04,232

മേൽ പദ്ധതി പ്രകാരം 56 സ്കൂൾ വിദ്യാർത്ഥികൾക്ക് ഒരു മേശയും കസേരയും വീതം വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിക്കുകയും Monal Trading Company,Pazhayangadi എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും, ആയത് വിതരണം ചെയ്ത വകയിൽ( 56എണ്ണം വീതം) ₹2,04,232 രൂപ Monal Trading Company,Pazhayangadi എന്ന സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിരുന്നു.ഈ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ടെൻഡർ ക്ഷണിച്ച് നിർവ്വഹിച്ച പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും ക്വാട്ട് ചെയ്ത തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

Fidco Enterprises Ltd ($L_1$)

Steel Table- 2422

Steel Chair – 699

Coastal Furniture Industries Kadalundi($L_2$)

Steel Table- 2480

Steel Chair – 960

3. Monal Trading Company,Pazhayangadi($L_3$)

Steel Table- 2698

Stel Chair – 949

4.Kerala Artisans Dev Corporation - ₹ 1,70,250($L_4$)

Steel Table- 3880

Steel Chair – 1000

കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്ത Fidco Enterprises Ltd ($L_1$),Coastal Furniture Industries Kadalundi($L_2$) എന്നീ സ്ഥാപനങ്ങളുടെ ടെൻഡർ നിരസിക്കുകയും ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത Monal Trading Company,Pazhayangadi($L_3$)എന്ന സ്ഥാപനത്തിന് ടെൻഡർ അനുവദിക്കുകയും ചെയ്തു.

സാമ്പിൾ പരിശോധിച്ചതിൻ പ്രകാരം Monal Trading Company,Pazhayangadi($L_3$) എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുന്നതിനും, ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നതിനും 06.11.17 ന് ചേർന്ന പർച്ചേസിങ്ങ് കമ്മറ്റി തീരുമാനിച്ചിരുന്നു.എന്നാൽ എന്ത് കാരണത്താലാണ് കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ ടെൻഡർ നിരസിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന (ഓഡിറ്റ് അന്വേഷണം 32/27.11.18) ലഭ്യമാക്കിയ മറുപടിയിൽ പർച്ചേസ് കമ്മറ്റിയുടെ നിർദ്ദേശപ്രകാരമാണ് ഇങ്ങനെ ചെയ്തതെന്ന് അറിയിക്കുകയുണ്ടായി. പർച്ചേസ് കമ്മറ്റി മിനട്സിൽ വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൂടിയ ടെണ്ടർ അംഗീകരിച്ചതിലൂടെ വന്ന അധികച്ചെലവായ 29456രൂപ (2,04,232-1,74,776-fidco യുടെ നിരക്ക്) തടസത്തിൽ വെക്കുന്നു. ഗുണമേന്മ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-30 ഗ്രൂപ്പ് സംരംഭം കറി പൗഡർ യൂണിറ്റ് - സബ്സിഡി തുക അധികം അനുവദിച്ചു-37500രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

പ്രൊജക്റ്റ് നം - 51 /2018

പ്രൊജക്റ്റിന്റെ പേര് - ഗ്രൂപ്പ് സംരംഭം കറി പൗഡർ യൂണിറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ,കാട്ടാമ്പള്ളി

അടങ്കൽ തുക – ₹3,18,000(വികസന ഫണ്ട്)

ചെലവ് തുക – ₹1,87,500(വികസന ഫണ്ട്)

ബിൽ നം - 3/28.03.2018

സ്വയം തൊഴിലിന് ആസ്തികൾ സൃഷ്ടിക്കുന്നതിന് മേൽ പദ്ധതി പ്രകാരം അനുഗ്രഹ് കറി പൗഡർ & ഫ്ലോർ മിൽ യൂണിറ്റിന്ന് ₹1,87,500 രൂപ വികസന ഫണ്ടിൽ നിന്നും സബ്സിഡി തുകയായി അനുവദിച്ചിരുന്നു. ബാങ്ക് ഓഫ് ബറോഡയിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് 2 ലക്ഷം രൂപ ലോണും ₹50,000 രൂപ Over Draft facility യും അനുവദിച്ചതിന്റെ അടിസ്ഥാനത്തിലാണ് (ബാങ്ക് ഓഫ് ബറോഡയുടെ 26.03.2018 ലെ BOB/PUTHIY/ADV/2നം കത്ത്) അനുഗ്രഹ് കറി പൗഡർ & ഫ്ലോർ മിൽ യൂണിറ്റിന്ന് ₹1,87,500 ഇത്തരത്തിൽ അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക 31.03.2018 ന്ന് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായി ബാങ്ക് ഓഫ് ബറോഡയുടെ 31.03.2018 ലെ BOB/PUTHIY /ADV/3നം കത്തിൽ ബാങ്ക് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

13 ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിലെ(03.04.2017 ലെ ജി ഒ എം എസ് 80 /2017 ) 8.7(2)b വ്യവസ്ഥകൾ പ്രകാരം ബാങ്ക് വായ്പയുടെ 75% വരുന്ന തുക മാത്രമേ അനുവദിക്കാവൂ എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് . ആയതിനാൽ പരമാവധി ₹1,50,000 രൂപ(75% of 2,00,000)

മാത്രമേ ഈയാവശ്യത്തിന് അനുവദിക്കാൻ പാടുള്ളൂ.എന്നാൽ ₹37,500 രൂപ അധികമായാണ് അനുഗ്രഹ് കറി പൗഡർ & ഫ്ലോർ മിൽ യൂണിറ്റിന്ന് മേൽ പദ്ധതി പ്രകാരം സബ്സിഡി തുകയായി അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ അധികം അനുവദിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 13/22.11.18 ) ലഭ്യമാക്കിയ മറുപടിയിൽ , തുക അനുവദിച്ചതിൽ തെറ്റു പറ്റിയതായി വ്യക്തമാക്കിയിട്ടുണ്ട്. അധികം അനുവദിച്ച തുക തിരിച്ചടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

37500രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

## 3-31 ലാപ്പ് ടോപ്പ് വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- 78000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പ്രൊജക്റ്റ് നം - 17/2018

പ്രൊജക്റ്റിന്റെ പേര് -ലാപ്പ് ടോപ്പ് വിതരണം 2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക – ₹5,72,000(വികസന ഫണ്ട്/scp)

ചെലവ് തുക – ₹5,72,000(വികസന ഫണ്ട്/scp)

ബിൽ നം - 10/30.01.2018(₹4,94,000) + 16/23.02.18(₹78,000)

ഇരുപത്തി രണ്ട് ഗുണഭോക്താക്കൾക്ക് (SC) ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി മേൽ പദ്ധതി പ്രകാരം ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത Monger Box Trade Pvt Ltd, എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും (@26,000) ചെയ്തിരുന്നു. പ്രസ്തുത സ്ഥാപനം 22 ലാപ്പ്ടോപ്പ് വിതരണം ചെയ്യുകയും (Tax Invoice 1741/25.01.2018 -₹4,94,000.48, Tax Invoice 1747/19.02.2018 – ₹78,000.08 ) ആകെ ₹5,72,000രൂപ പഞ്ചായത്തിൽ നിന്നും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 13ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിലെ (03.04.2017 ലെ ജി ഒ എം എസ് 80 /2017 ) 11.8(6)ലെ വ്യവസ്ഥകൾ പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്നിക്ക് ഡിപ്ലോമ, എഞ്ചിനീയറിങ്, മെഡിക്കൽ,കമ്പ്യൂട്ടർസയൻസ് ഡിപ്ലോമ/ബിരുദം/ബിരുദാനന്തര ബിരുദം എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങി നൽകാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയ കോഴ്സുകളിൽ ഉൾപ്പെടാത്ത താഴെ കാണിച്ചിരിക്കുന്ന കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.നടപ്പു വർഷം വിദ്യാർത്ഥിയായിരിക്കണം എന്ന മാനദണ്ഡവും ജിതിൻ ഇ എന്ന വിദ്യാർത്ഥിയുടെ കാര്യത്തിൽ ലംഘിക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യ മേഖലയിലെ വിദ്യാർത്ഥിക്ക് ആനുകൂല്യം നല്കിയെന്ന അപാകം കൂടി സച്ചിൻ കെ എന്ന വിദ്യാർത്ഥിയുടെ കാര്യത്തിൽ സംഭവിച്ചിട്ടുണ്ട്

| പേര് | കോഴ്സ്/കോളജ് | പഠിക്കുന്ന/പഠിച്ച | സാക്ഷ്യപത്രം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | കാലയളവ് | വിവരങ്ങൾ | |
| ജിതിൻ ഇ, ഇടച്ചേരിയൻ ഹൗസ് | Surveyor<br>Gvt ITI,Thottada | 01.08.16 to 30.07.2017 | പ്രിൻസിപ്പലിന്റെ 09.11.2017 തിയതിയിലെ സാക്ഷ്യപത്രം | ലാപ്പ്ടോപ്പ് വിതരണം ചെയ്ത തീയതിക്ക് മുമ്പ് കോഴ്സ് പൂർത്തിയായി |
| സച്ചിൻ കെ,<br>സച്ചിൻ നിവാസ്,കുന്നം കൈ | ഇലക്ട്രോണിക്സ് മെക്കാനിക്ക് കോഴ്സ്(NCVT)<br>Newtronix Pvt ITI,Thalikavu,Kannur | 2017-19 | പ്രിൻസിപ്പലിന്റെ 10.11.2017 തിയതിയിലെ സാക്ഷ്യപത്രം | സ്വകാര്യ സ്ഥാപനത്തിലെ വിദ്യാർത്ഥി |

മേൽക്കാരണങ്ങളാൽ അനർഹക്ക് അനുവദിച്ച ലാപ്പ് ടോപ്പിന്റെ വിലയായ 52000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

2. ലാപ്പ്ടോപ്പ് അനുവദിച്ച അക്ഷയ കെ,അറയമ്പേത്ത് ഹൗസ്, എന്ന വിദ്യാർത്ഥി പാരലൽ കോളജിലാണ് ബിരുദ കോഴ്സിന് പഠിക്കുന്നത്(Nalanda College , Eachur). ഈ വിദ്യാർത്ഥിയുടെ സർവ്വകലാശാല രജിസ്ട്രേഷൻ സംബന്ധിച്ച പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത വിദ്യാർത്ഥിനിക്ക് നല്കിയ ലാപ്പ് ടോപ്പിന്റെ വിലയായ 26000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.അനുബന്ധ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം 17/24.11.18)മറുപടി തൃപ്തികരമല്ല.

## 3-32 നെൽ കൃഷിക്ക് ട്രാക്റ്റർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-133185രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രൊജക്റ്റ് നം - 312/2018

പ്രൊജക്റ്റിന്റെ പേര് - നെൽ കൃഷിക്ക് ട്രാക്റ്റർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ തുക – ₹7,80,000(വികസന ഫണ്ട്)

ചെലവ് തുക – ₹7,75,000(വികസന ഫണ്ട്)

ബിൽ നം - 09 /13.03.2018

നെൽ കൃഷി വികസിപ്പിക്കുന്നതിനായി ട്രാക്റ്റർ വാങ്ങുന്നതിന് മേൽ പദ്ധതി പ്രകാരം ഇ – ടെൻഡർ (e-tender No CKB /05/2017-18 തീയതി 08.01.2018)ക്ഷണിക്കുകയും മൂന്ന് സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും ക്വാട്ട് ചെയ്ത തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. Ganga Motors – ₹6,41,815 Including all taxes , Insurance & Registration($L_1$)

2. Raidco Kerala Ltd – ₹7,75,000 Including all taxes($L_2$)

3.KM Tractors - ₹7,78,000($L_3$)

ടെൻഡർ വ്യവസ്ഥകൾ പാലിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്യുകയും ചെയ്ത Ganga Motors എന്ന സ്ഥാപനത്തിന്റെ ടെൻഡർ നിരസിക്കുകയും കൂടിയ തുക ക്വാട്ട് ചെയ്ത Raidco Kerala Ltd ന് ₹ 7,75,000 രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുകയും ചെയ്തു. ഈ ആവശ്യത്തിന്നായി ബിൽ നം - 09/13.03.2018 പ്രകാരം ₹7,75,000 രൂപ, Raidco Ltd ന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇൻഷൂറൻസ് എടുക്കുന്നതിനായി ₹4942 രൂപയും ചെലവഴിച്ചിട്ടുണ്ട്.(Policy No&Date-131131806235/04.06.2018)

08.01.2018ലെ CKB/05/2017-18 നം ടെൻഡർ നോട്ടീസ് പ്രകാരം 36 HP,ROTOVATOR,CAGE WHEEL,FRONT BUMPER,HUD സ്പെസിഫിക്കെഷനിൽ ഒരു ട്രാക്ടർ ചിറക്കൽ ഗ്രാമപഞ്ചായത്തിലേക്ക് വിതരണം ചെയ്യുന്നതിന് സന്നദ്ധരായ ഡിസ്ട്രിബ്യൂട്ടേർസ് / ടെയ്ഡേർസ്/ ഏജൻസീസ് ൽ നിന്നുമാണ് ടെൻഡർ ക്ഷണിച്ചിരുന്നത്. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത Ganga Motors, ടെൻഡർ സ്പെസിഫിക്കെഷനുൾപ്പെടെയുള്ള എല്ലാ ടെൻഡർ വ്യവസ്ഥകളും പാലിച്ചതായി ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ആയതിനാൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത Ganga Motors എന്ന സ്ഥാപനത്തിനെ ഒഴിവാക്കി Raidco Kerala Ltd ന് ടെൻഡർ അനുവദിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 14/22.11.18 ) 4 വീൽ 4 വീൽ ഡ്രൈവ് ട്രാക്ടർ Ganga Motors വിതരണം ചെയ്യാൻ തയ്യാറല്ലാത്തതിനാലാണ് ഒഴിവാക്കിയതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.എന്നാൽ ഇക്കാര്യം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ടെൻഡർ നോട്ടീസിൽ വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കെഷൻ കൃത്യമായി രേഖപ്പെടുത്താതിരിക്കുകയും പിന്നീട് സ്പെസിഫിക്കേഷൻ മാറ്റി പറയേണ്ടി വരികയും ചെയ്യുന്നത് ഗുരുതരമായ അപാകമാണ്. ടെൻഡർ നോട്ടീസിൽ സാധനങ്ങളുടെ സ്പെസിഫിക്കെഷൻ കൃത്യമായി രേഖപ്പെടുത്താത്തത് 08.11.2010ലെ ജി.ഒ.പി 259/2010 /എൽ.എസ് .ജി.ഡി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിലൂടെ വന്ന അധികച്ചെലവായ 133185 രൂപ തടസത്തിൽ വെക്കുന്നു

ട്രാക്ടറിന്റെ മേൽ നോട്ടം , നടത്തിപ്പ് എന്നിവയ്ക്കായി സമിതി രൂപീകരിക്കണമെന്ന് 13 ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിലെ(03.04.2017 ലെ ജി ഒ എം എസ് 80 /2017 ) 8.1ലെ വ്യവസ്ഥകളിൽ വ്യക്തമാക്കിയിട്ടുണ്ട്.ഇത്തരത്തിൽ സമിതി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. കാർഷിക സഹകരണ സംഘം/പാടശേഖര സമിതി/ കർഷകർക്ക് ട്രാക്ടർ അനുവദിച്ചത് സംബന്ധിച്ച രേഖകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ കൃഷിഭവനുൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന കൃഷി ഓഫീസറുടെ റിപ്പോർട്ട്,പാടശേഖര സമിതിക്ക് കൈമാറിയിട്ടുണ്ടെങ്കിൽ യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും/വാടക നിരക്ക് നിശ്ചയിച്ചതു സംബന്ധിച്ചതുമായ കരാർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
നിലവിൽ ചിറക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ പ്രവർത്തിക്കുന്നില്ല എന്നാണ് ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയത്. സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ പാലിച്ച് ഈ കാര്യത്തിൽ തുടർ

പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പാടശേഖര സമിതികൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല എന്നാണ് ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ വിശദീകരിക്കപ്പെട്ടത്. രജിസ്ട്രേഷൻ പുതുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്

## 3-33 വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം - ശുചിത്വ മിഷൻ സ്പെസിഫിക്കേഷനോടുകൂടിയ റിംഗ് കമ്പോസ്റ്റ യൂനിറ്റുകൾ വിതരണം ചെയ്തില്ല-കരാർ ലംഘനം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല

പ്രോജക്ട്: വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം, പ്രൊജക്റ്റ് നം - SO 246/2018

അടങ്കൽ ₹19,43,750രൂപ

(127247-വികസന ഫണ്ട് -ജനറൽ, 1556250-കേന്ദ്രാവിഷ്കൃത ഫണ്ട്, 78503-തനത് ഫണ്ട്, 1,81,250 -ഗുണഭോക്തൃവിഹിതം)

ചെലവ്

| ബിൽനമ്പർ | തുക |
|---|---|
| 2492158/28.11.17 | 5,88,244 |
| 7/17-18,22.02.18 | 1,09,025 |
| 21701294/21.02.18(വൌച്ചർ നമ്പർ) | 1,09,025 |
| 21701270/31.03.18(വൌച്ചർ നമ്പർ) | 97,895 |
| ആകെ | 9,04,189രൂപ |

50 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റും 690 ഗുണഭോക്താക്കൾക്ക് റിങ്ങ് കംമ്പോസ്റ്റ് യൂണിറ്റും സ്ഥാപിച്ചു നൽകുന്നതിനായി 2016-17 ൽ ആരംഭിച്ച മേൽ പദ്ധതിക്കായി 2016-17ൽ ₹3,06,250രൂപയും 2017-18 ൽ 9,04,189 രൂപയും ഉൾപ്പെടെ ആകെ 12,10,439 രൂപ ചെലവഴിച്ചിരുന്നു . ഹരിത റിങ്ങ് കംമ്പോസ്റ്റ് ഇൻഡസ്ട്രീസിനു ₹771994 രൂപയും റെയ്ഡ്കൊ ഇൻഡസ്ട്രീസിനു ₹4,38,445രൂപയും 2016-17,2017-18 വർഷങ്ങളിലായി ഇതിനായി അനുവദിച്ചിരുന്നു. ഈ പ്രവർത്തിയുടെ ടെൻഡർ വ്യവസ്ഥകൾ പ്രകാരം 690

ഉണഭോക്താക്കൾക്ക് ₹2450 നിരക്കിൽ റിങ്ങ് കംമ്പോസ്റ്റ് യൂണിറ്റ വിതരണം ചെയ്യുന്നതിന ഹരിത റിങ്ങ് കംമ്പോസ്റ്റ് ഇൻഡസ്ട്രിസുമായും ബയോഗ്യാസ് പ്ലാന്റ് ₹8900 നിരക്കിൽ വിതരണം ചെയ്യുന്നതിന റെയ്ഡ്കൊ ഇൻഡസ്ട്രീസുമായും കരാർ ചമച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.01.03.2011 ലെ ജി ഒ (എം എസ്) ന 73/2011 തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള റിങ്ങ് കംമ്പോസ്റ്റ് യൂണിറ്റ്, മേൽ സ്ഥാപനം ഉണഭോക്താക്കൾക്ക് സപ്ലൈ ചെയ്തില്ല. വികസന സ്റ്റാൻഡിംഗ് കമ്മറ്റി മിനട്സിൽ (25.09.17 – തീരുമാനം നമ്പർ 3) ശുചിത്വ മിഷൻ സ്പെസിഫിക്കേഷനോടുകൂടിയ റിംഗ് കമ്പോസ്റ്റ യൂനിറ്റുകളല്ല സ്ഥാപനം സപ്ലൈ ചെയ്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കരാർ പ്രകാരമുള്ള മുഴുവൻ തുകയും (₹16,90,500) ഹരിത റിങ്ങ് കംമ്പോസ്റ്റ് ഇൻഡസ്ട്രിസിന നൽകിയില്ല.

2.ഹരിത റിങ്ങ് കംമ്പോസ്റ്റ് ഇൻഡസ്ട്രീസ് സമർപ്പിച്ച ബില്ലിൽ റിങ്ങ് കംമ്പോസ്റ്റ് യൂണിറ്റിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. ഉണഭോക്താക്കളിൽ നിന്നും സാക്ഷ്യ പത്രം ലഭ്യമാക്കാതതിനാൽ ബയോഗ്യാസ് പ്ലാന്റും റിങ്ങ് കംമ്പോസ്റ്റ് യൂണിറ്റും ഉണഭോക്താക്കൾക്ക്(50+690) തൃപ്തികരമായ രീതിയിൽ സ്ഥാപിച്ചു കിട്ടിയെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

4.സപ്ലൈ ഓർഡർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. റിംഗ് കമ്പോസ്റ്റ് യൂനിറ്റുകളും ബയോഗ്യാസ് പ്ലാന്റും നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം ഉണഭോക്താക്കൾക്ക് സ്ഥാപിച്ചു നല്കിയതായി വിലയിരുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ടിൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

6.കരാർ വ്യവസ്ഥകൾ ലംഘിച്ച പ്രസ്തുത സ്ഥാപനത്തിനെതിരെ 08.11.2010ലെ ജി.ഒ.പി 259/2010 /എൽ.എസ് .ജി.ഡി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചില്ല .

7.കരാർ വ്യവസ്ഥ ലംഘിച്ചതിനാൽ സപ്ലൈ ചെയ്ത സാധനങ്ങളുടെ സ്പെസിഫിക്കേഷന് ആനുപാതികമായി വാല്വേഷൻ റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കിലാണ് സ്ഥാപനത്തിന് തുക നല്കിയിട്ടുള്ളത്. അതുകൊണ്ടു തന്നെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർപ്രവർത്തനങ്ങളൊന്നും സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല

പർച്ചേസിംഗ് കമ്മറ്റിക്കു മുമ്പാകെ സ്പെസിഫിക്കേഷൻ പാലിച്ചു കൊണ്ടുള്ള സാധനങ്ങളാണ് ഹാജരാക്കിയിരുന്നതെങ്കിൽ പ്രസ്തുത സ്ഥാപനം മനപ്പൂർവ്വം ഗ്രാമപഞ്ചായത്തിനെ കബളിപ്പിക്കാൻ ശ്രമിച്ചു എന്ന് വ്യക്തമാണ്. ശുചിത്വമിഷൻ അംഗീകാരം ദുരുപയോഗം ചെയ്ത സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി ഇക്കാര്യം ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## 3-34 വാട്ടർ ടാങ്ക് വിതരണം 2017-18 - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-47000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പ്രൊജക്റ്റ് നം - 13/2018

പ്രൊജക്റ്റിന്റെ പേര് - വാട്ടർ ടാങ്ക് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക – ₹1,50,000(വികസന ഫണ്ട്)+50,000(ഗുണ.വിഹിതം)

ചെലവ് തുക – ₹1,50,000(വികസന ഫണ്ട്)+39,500(ഗുണ.വിഹിതം)

ബിൽ നം - 14 /19.02.2018(₹1,50,000) + (39,500)

അമ്പത് ഗുണഭോക്താക്കൾക്ക് (SC) വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി മേൽ പദ്ധതി പ്രകാരം ടെൻഡർ ക്ഷണിക്കുകയും അനു ഏജൻസി,കുടാളി എന്നിവരുടെ ടെൻഡർ അംഗീകരിക്കുകയും, 50 വാട്ടർ ടാങ്ക് വിതരണം ചെയ്ത വകയിൽ ₹1,50,000 രൂപ വികസന ഫണ്ടിൽ നിന്നും ₹39500രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് ആകെ ₹1,89,500 രൂപ അനു ഏജൻസി,കുടാളി ക്ക് അനുവദിച്ചിരുന്നു.ഈ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ടെൻഡർ ക്ഷണിച്ച് ചെയ്ത പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും ക്വാട്ട് ചെയ്ത തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. Elite Electricals,Chakkarakkal – ₹2,850($L_1$)

2. Global Associates, Kannur– ₹ 3550($L_2$)

3. Anu Agency - ₹ 3790($L_3$)

കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്ത Elite Electricals,Chakkarakkal – ₹2,850($L_1$) Global Associates, Kannur-₹3550($L_2$) എന്നീ സ്ഥാപനങ്ങളുടെ ടെൻഡർ നിരസിക്കുകയും ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത

Anu Agency ക്ക് ടെൻഡർ അനുവദിക്കുകയും ചെയ്തു.ഇത്തരത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തെ ഒഴിവാക്കിയതിനാൽ വന്ന അധികച്ചെലവായ 940x50=47000രൂപ തടസത്തിൽ വെക്കുന്നു. പർച്ചേസ് കമ്മറ്റി ഗുണമേന്മാ പരിശോധന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

അമ്പത് ഗുണഭോക്താക്കളിൽ നിന്ന് 1000 രൂപ പ്രകാരം ആകെ ₹50,000 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തെങ്കിലും ഈയിനത്തിൽ ₹39,500 രൂപ മാത്രമേ പഞ്ചായത്തിന് ചെലവു ചെയ്യേണ്ടതായി വന്നിട്ടുള്ളൂ. .ഗുണഭോക്തൃ വിഹിതം ഇനത്തിൽ അധികം പിരിച്ചെടുത്ത ₹10,500 രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ല.
മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം 16/24.11.18)മറുപടി തൃപ്തികരമല്ല.

## 3-35 ഫുട്ബോൾ പരിശീലനം-മുൻകൂട്ടി സാധനങ്ങൾ വാങ്ങി പരിശീലനം നടപ്പാക്കിയില്ല-28689രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - ഫുട്ബോൾ പരിശീലനം

പ്രോജക്ട് നം - 110/18

അടങ്കൽ -57500/- (വികസന ഫണ്ട്)

ബിൽ നം - 3/17-18, തുക 28689/-,തീയ്യതി 26-3-18

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 30 കുട്ടികൾക്ക് 20ദിവസം ഫുട്ബോൾ പരിശീലനം നൽകുന്നതിനുവേണ്ടി TBS publishers distributors,കാലിക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വാങ്ങിയ സാധനങ്ങളുടെ പേര് | എണ്ണം | തുക |
|---|---|---|
| Foot ball boot encounter nivia FB 325 | 30X420 | 12600 |
| Foot ball size 5 trainer nivia rubber hand | 5x420 | 2100 |
| Foot ball size 5 trainer nivia rubber hand | 5x420 | 2100 |
| Foot ball net cosco nylon | 2x1560 | 3120 |
| jersy | 23x230.48 | 5301.04 |
| jersy | 7x230.48 | 1613.36 |
| GST | | 1854.12 |
| ആകെ | | 28689രൂപ |

എന്നാൽ മേൽ പറഞ്ഞവ വിതരണം നടത്തിയതിന്റെയും ,ഫുട്ബോൾ പരിശീലനം നടത്തിയതിന്റെ വിവരവും , പരിശീലനം എവിടെ വച്ച് നടത്തി,എത്ര പേർ പങ്കെടുത്തു എന്നത് സംബന്ധിച്ച വിവരവും ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11 /17-18 ന് ലഭ്യമാക്കിയ മറുപടിയിൽ ഫുട്ബോൾ പരിശീലകനെ നിശ്ചിത സമയപരിധിക്കുള്ളിൽ കിട്ടാത്തതു കാരണം ഉപകരണങ്ങൾ വാങ്ങുക എന്ന പ്രോക്ടിലെ സാധ്യമായ ഭാഗം നിർവ്വഹിക്കുകയും പരിശീലനം 2018-19 വർഷം സ്പിൽ ഓവർ വിഭാഗത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കുകയും ചെയ്തു എന്ന് അറിയിച്ചിട്ടുണ്ട്.പദ്ധതിയുടെ ആദ്യ ഘട്ടമായി പരിശീലകനെ തെരഞ്ഞെടുക്കാതെ ഉപകരണങ്ങളും,എത്ര വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരീലനം നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് തീരുമാനിക്കാതെ boot,jersyഎന്നിവ വാങ്ങിയതും തെറ്റായ നടപടിയാണ്. മേൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 28689/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-36 സർക്കാർ പരസ്യങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭിക്കുന്നില്ല.

വൗച്ചർ നമ്പർ- 21701727/31-3-18, ചെക്ക് നമ്പർ 39044/31-3-18 Rs.7676

വൗച്ചർ നമ്പർ- 21701728/31-3-18, ചെക്ക്നമ്പർ 39045/31-3-18 Rs. 25935

മേൽ വൗച്ചറുകൾ പ്രകാരം അഡ്വടൈസ്മെന്റ് ചാർജ് ഇനത്തിൽ പത്രത്തിന് തുക നൽകിയിട്ടുണ്ട്.എന്നാൽ ബില്ലുകൾ പരിശോധിച്ചപ്പോൾ സർക്കാർ പരസ്യങ്ങൾക്ക് GO(Rt).1/2011/പി ആന്റ് എ ആർ ഡി dt.4.11.2011,GO(Rt) No. 551/15/1&PRD 20.11.2015 എന്നിവ പ്രകാരം നൽകേണ്ട 15% ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട് .ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18/17-18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ പരസ്യങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 75000 | പാലിന് സബ്സിഡി | 59975 | 15025 (ആർ ഓ പി ആയി തിരിച്ചടച്ചു) |
| | 2017-18 | 400000 | പനങ്കാവ്കുളം നവീകരണം | 0 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | പാലിന് സബ്സിഡി | 50000 | 0 |
| | 2017-18 | 590225 | ശാരീരികമാനസിക വെല്ലു വിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 590225 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ ഡബ്ല്യു എ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ,260/18 | 21701250/ 26.12.17 | 405300 | 0 | 405300 |
| ,, | അംഗണവാടികൾക്കുള്ള കുടിവെള്ള കണക്ഷൻ,260/18 | 21701732/ 24.03.18 | 174000 | 0 | 174000 |
| കെഎസ്ഇബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ,244/18 | 21701251,<br>21701252,<br>21701253<br>28.12.17 | 350130<br>65525<br>83555 | 0 | 499210 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം,ഇൻവെസ്റ്റ്മെന്റ്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ മൂല്യം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ മൂല്യം | 20000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു

മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് ന്റെ 10000രൂപ മൂല്യമുള്ള രണ്ട് ബി ക്ലാസ് ഷെയറുകൾ- ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 194 തീയതി 18.10.2014. മെമ്പർ നമ്പർ 45

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വരവു വന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് റിക്വിസിഷൻ നല്കിയിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 32 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2000-01 | 7 | 2004-05 | 3.13.1.5 | ഷോപ്പിംഗ് സെന്റർ ബാധ്യതയാകുന്നു | ,, |
| 2014-15 | 2-1 | 2016-17 | 1 | തൊഴിൽ നികുതി | ,, |
| 2015-16 | 2-1,2-6 | 2016-17 | 1 | ,, | ,, |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്. | റിപ്പോർട്ട് വർഷം. | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, | സർചാർജ്ജ് സർട്ടിഫിക്കേറ്റ്. | സ്വയം അടവാക്കിയ തുക (രസീത് | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭിച്ച തുക. | അവശേഷിക്കുന്ന തുക/ | റിമാർക്സ്. |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ഔദ്യോഗീക സ്ഥാനം, ഭരണ വകുപ്പ്. | നമ്പരും തിയ്യതിയും. | തുക | നം/ തിയ്യതി) | ക്കിയ തുക. (തിയ്യതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക. | | ബാധ്യത. | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | ചിറക്കൽ ഗ്രാമ പഞ്ചായത്ത് | 1998-99 | 32 | എൻ.വി. ഗംഗാധരൻ (സെക്രട്ടറി) | എൽ എഫ്/ 20009/ സ്പെ/ സെൽ/ സി.എസ്. സി14/02 തീ: 16.05.03 | 3427 | 3428 | | | | 3428 | -- | തുക അടവാക്കി. രസീതിനം. 117010--109539/20.12.17 |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം(റസീറ്റ്&പേമെന്റ് പത്രിക പ്രകാരം)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,04,35,570 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,28,77,130 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10125രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 94423രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 70,83,345രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-3 | 7525 | | ശ്രീ പി പി ഉഷ , സെക്രട്ടറി |
| 2-8 | 2600 | | ശ്രീ പി പി ഉഷ , സെക്രട്ടറി |
| 3-18 | | 53423 | ശ്രീമതി നവ്യ വേണുഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-21 | | 3500 | ശ്രീമതി നിഷ പി, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-30 | | 37500 | ശ്രീമതി സീമ ഡി, വിഇഒ കാട്ടാമ്പള്ളി |
| ആകെ | 10125രൂപ | 94423രൂപ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 5,75,000 | ശ്രീ പി പി ഉഷ , സെക്രട്ടറി |
| 3-13 | 1,58,059 | ഡോ ആനന്ദ്, മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 3-14 | 63,025 | ,, |
| 3-15 | 2,48,927 | ,, |
| 3-16 | 6,39,640 | ,, |
| 3-17 | 9,57,485 | ശ്രീമതി നവ്യ വേണുഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-20(2) | 70,768 | ശ്രീമതി നിഷ പി, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-21 | 17,67,175 | ശ്രീമതി നിഷ പി, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-22 | 2,17,500 | ശ്രീമതി നിഷ പി, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-24 | 3,31,352 | ഡോ.ജെനി കെ ജോൺ , വെറ്റിനറി സർജ്ജൻ |
| 3-25 | 17,32,604 | ശ്രീമതി നിഷ പി, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-28 | 5,480 | ശ്രീ വിജീഷ് പി, അസിസ്റ്റന്റ് |

| | | |
|---|---|---|
| | | സെക്രട്ടറി |
| 3-29 | 29,456 | ശ്രീ വിജീഷ് പി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-31 | 78,000 | ശ്രീ വിജീഷ് പി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-32 | 1,33,185 | ശ്രീ വിഷ്ണു എസ് നായർ, കൃഷി ഓഫീസർ |
| 3-34 | 47,000 | ശ്രീ വിജീഷ് പി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-36 | 28,689 | ശ്രീമതി ഗംഗാഭായ് എൻ, ഹെഡ് മിസ്ട്രസ്, ജി എം യുപി എസ്, കാട്ടാമ്പള്ളി |
| ആകെ | 70,83,345രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-4,3-20,3-28 ,3-29,3-31,3-32,3-34

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പി പി ഉഷ , സെക്രട്ടറി | സെക്രട്ടറി,ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | മേലേത്ത് വളപ്പിൽ, മൊട്ടമ്മൽ (പി ഒ)- 670331 |
| ശ്രീമതി നവ്യ വേണഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,ചിറക്കൽ ഗ്രാമപഞ്ചായത്ത് | എൻവീസ്, കൊളച്ചേരി, പി ഒ കണ്ണൂർ-670601 |
| ശ്രീമതി സീമ ഡി, വിഇഒ കാട്ടാമ്പള്ളി | വിഇഒ കാട്ടാമ്പള്ളി | കൃഷ്ണഭവൻ, അലവിൽ അലവിൽ(പിഒ) |
| ശ്രീ വിജീഷ് പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ചിറക്കൽ ഗ്രാമപഞ്ചായത്ത് | വൈഭവ,പള്ളിക്കുന്ന്(പിഒ) |

| | | |
|---|---|---|
| ശ്രീമതി നിഷ പി, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ,ചിറക്കൽ ഗ്രാമപഞ്ചായത്ത് | ആർദ്രം, കോടിവളപ്പിൽ , വാരം,കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 1 |
| 1999-00 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 2 |
| 2000-01 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 1 |
| 2002-03 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 2 |
| 2003-04 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 7 |
| 2004-05 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 5 |
| 2005-06 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 5 |
| 2006-07 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 7 |
| 2007-08 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 7 |
| 2008-09,09-10,10-11 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 5 |
| 2011-12,12-13 | കെ എസ് എ/കെഎൻആർ | 10 |

| | | |
|---|---|---|
| | /സി5-2092/17 :03.04.2018 | |
| 2013-14,14-15 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 8 |
| 2015-16 | കെ എസ് എ/കെഎൻആർ /സി5-1203/17 :28.11.2017 | 16 |
| 2016-17 | കെ എസ് എ/കെഎൻആർ /സി5-10/18 :08.02.2018 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം. കെ.എസ്.എ./കെ.എൻ.ആർ./സി.5/2052 /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ.മെയിൽ. doknr.ksad@kerala.gov.in

ഫോൺ: 0497 2707698

തീയ്യതി:10-01-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# Receipt And Payment Statement Chirakkal Grama Panchayath For the period from 01 April 2017 to 31 March 2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 41670398.79 |

| | | | |
|---|---|---|---|
| | Cash | RP-40(a) | 0 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 2181210 |
| 130000000 | Rental Income panchayath Properties | RP-3 | 4500 |
| 140000000 | Fees &User Charges | RP- 4 | 1292702 |
| 150000000 | Sale &Hire Charges | RP- 5 | 332809 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 65449653 |
| 171000000 | Interest Earned | RP- 9 | 1371931 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 4673002 |
| 350000000 | Other Liabilities | RP-36 | 187552 |
| 431000000 | Sundry debtors (receivables) | RP-43 | 207027 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 20 |
| 311000000 | Earmarked Funds | RP-29 | 58397 |
| 340000000 | Deposits Received | RP- 34 | 150550 |
| 350000000 | Other Liabilities | RP- 36 | 580313 |
| 431000000 | Sundry Debtors(Receivables) | RP- 43 | 12731962 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | RP- 47 | 1213942 |
| Grand Total | | | 13,21,05,968.79 |
| Payments | | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 4911724 |
| 220000000 | Administrative Expenses | RP-12 | 1310357 |
| 230000000 | Operatations &Maintanance | RP-13 | 1921535 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 3795094 |
| 251000000 | Decentralised plan programme – Service Sector | RP-16 | 21204019 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 17280462 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 2954671 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 519920 |
| 255000000 | Maintanance Projects | RP-20 | 9554545 |
| 25600000 | Other revenue grants and fund- revenue expenses | RP-21 | 36000 |
| 280000000 | Prior Period Item | RP-26 | -1296738 |
| 320000000 | Grants,Funds &Contributions for Specific | RP-31 | 166718 |

| | | | |
|---|---|---|---|
| | Purposes | | |
| 350000000 | Other Liabilities | RP-36 | 6063431 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 894 |
| 280000000 | Prior Period Item | RP-26 | -27350 |
| 311000000 | Ear marked funds | RP-29 | 140 |
| 340000000 | Deposits Received | RP-34 | 100333 |
| 350000000 | Other Liabilities | RP-36 | 3022954 |
| 410000000 | Fixed Assets | RP-38 | 11946499 |
| 412000000 | Capital Work In Progress | RP-40 | 380743 |
| 431000000 | Sundry debtors(receivables) | RP-43 | 7405127 |
| 460000000 | Loans,Advances and Deposits | RP-47 | 1486192 |
| | Closing Balance | | |
| | Bank | RP-40(b) | 38920062.79 |
| | Cash | RP-40(b) | 308776 |
| Grand Total | | | 13,21,05,968.79 |

## അനുബന്ധം-2-2

# Income & Expenditure statement Chirakkal Grama Panchayath For the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|

| | | | |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 11433025 |
| 130000000 | Rental Income from panchayath properties | I-3 | 1688694 |
| 140000000 | Fee &User charges | I-4(b) | 1581156 |
| 150000000 | Sale &Hire Charges | I-5(b) | 332809 |
| 160000000 | Revenue Grants,Funds,Contributions& Compensations | I-6 | 140233620 |
| 170000000 | Interest Earned | I-8 | 1371931 |
| 180000000 | Other Income | I-9 | 20 |
| A | Total Income | | 156641255 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 13555519 |
| 220000000 | Administrative Expenses | I-11(b) | 1310357 |
| 230000000 | Operations &Maintanance | I-12(b) | 1921535 |
| 240000000 | Interest &Finance Charges | I-13 | 894 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 11372503 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 19602874 |
| 252000000 | Decentralised Plan programme – Infrastructure Sector | I-14(b) | 16940687 |
| 2530000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 2954671 |

| | | | |
|---|---|---|---|
| 2540000000 | Expenditures of Transferred Institutions &State Sponsored Schemes | I-14(d) | 78458520 |
| 2550000000 | Maintanance Projects | I-14(e) | 9554545 |
| 260000000 | Grants Contributions and Compensations from Own Fund | I-15(a) | 36000 |
| 2720000000 | Depreciation | I-17(a) | 3459937 |
| B | Total – Expenditure | | 159168042 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (2526787) |
| D=280000000 | Prior period Item | I-18 | 931502 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure<br>Transfer to reserve funds | | (3458289) |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

## അനുബന്ധം2-3

# Balance Sheet Chirakkal Grama Panchayath As on 31 March, 2018

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| Reserve &surplus | | | |
| 310000000 | Panchayat Funds | B-1 | 51343609.71 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | B-2 | 26930 |
| 312000000 | Reserves | B-3 | 60686950 |
| Total Reserve &surplus | | | 112057489.71 |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 3426551 |
| Total Grants,Funds &Contributions for Specific Purposes | | | 3426551 |
| | Loans | | |
| 330000000 | Secured Loans | B-5 | |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 4251608.85 |
| 341000000 | Deposit Works | B-8 | |
| 350000000 | Other Liabilities | B-9 | 1721057.48 |
| | Total Current Liabilities and Provisions | | 5972666.33 |
| | Total Liabiliities | | 121456707.04 |
| Fixed Assets | | | |
| 410000000 | Fixed Assets | B-11 | 851159682 |
| 411000000 | Accumulated Depreciation | B-11 | (27286716.75) |
| 412000000 | Capital Work In Progress | B-11(a) | 672815 |
| | Total Fixed Assets | | 5,85,45,780.25 |
| | Investments | | |

| | | | |
|---|---|---|---|
| 420000000 | Investments | B-12 | 20000 |
| | Total Investments | | 20000 |
| Current Assets,Loans and Advances | | | |
| 431000000 | Sundry Debtors (Receivables) | B-15 | 8024427 |
| 450000000 | Cash and Bank balance | B-17 | 3,92,28,838.79 |
| 460000000 | Loans,Advances and Deposits | B-18 | 15637661 |
| | Total Current Assets,Loans and Advances | | 602628909<br>.79 |
| | Total Assets | | 121456707.04 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.